26-10-2026

Question Hour

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ചോദ്യം നമ്പർ (*151)

കെ-സ്മാർട്ട് മുഖേന കെട്ടിട നമ്പർ

1 (*151) ശ്രീ. കല്ലട മാഹിൻ:
ശ്രീ. സി. കെ. കാസിം:
ശ്രീ. ഫൈസൽ ബാബു:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നമ്പറുകൾ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കെ-സ്മാർട്ട് വഴി കെട്ടിട നമ്പർ അനുവദിക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കെട്ടിട നമ്പർ അനുവദിക്കുമ്പോൾ സംഭവിക്കുന്ന തെറ്റുകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിക്ക് തുടർനടപടി സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, (എ) കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ വസ്തു നികുതി (Property Tax) മോഡ്യൂൾ

മുഖേനയാണ് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിക്കുന്നത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയശേഷം, ഉടമസ്ഥ് ഒക്യൂപൻസി സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ വസ്തു നികുതി (Property Tax) മോഡ്യൂൾ മുഖേന സ്വയം നികുതി നിർണ്ണയ ഫോറമായ 'ഫോറം 2' സമർപ്പിക്കേണ്ടതാണ്. നികുതി നിർണ്ണയ ഫോം തദ്ദേശ സ്ഥാപനത്തിൽ പരിശോധന നടത്തി കെട്ടിടത്തിന്റെ വിസ്തൃതി, ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് നമ്പർ അനുവദിച്ചുനൽകുന്നു.

(ബി) കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേന കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതികമായ പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ' ഫോം 2' സമർപ്പിക്കുമ്പോൾ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വരുന്ന തെറ്റുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് IKM സാങ്കേതിക സഹായം നൽകുന്നുണ്ട്. ഇത് തദ്ദേശസ്ഥാപന തലത്തിൽത്തന്നെ തിരുത്തൽ വരുത്തുന്നതിന് 'തിരുത്തൽ മോഡ്യൂൾ' തയ്യാറാക്കിവരുന്നു.

(സി) കെ-സ്മാർട്ട് നിലവിൽ വരുന്നതിനുമുമ്പ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിലുണ്ടായ തെറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിനായി നഗരസഭകളിൽ LDMS (Legacy Data Management System) സംവിധാനവും ഗ്രാമപഞ്ചായത്തുകളിൽ സഞ്ചയ സോഫ്റ്റ്വെയറും ലഭ്യമാക്കിയിട്ടുണ്ട്. ഇത് തദ്ദേശ സ്ഥാപന തലത്തിൽ കെ-സ്മാർട്ട് മുഖേനതന്നെ തിരുത്തൽ വരുത്തുന്നതിന് 'തിരുത്തൽ മോഡ്യൂൾ' തയ്യാറാക്കിവരുന്നു.

ശ്രീ. കല്ലട മാഹിൻ: സർ, ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ട് കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായി അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതും എന്നാൽ നിലവിൽ മാറ്റമില്ലാതെ കണ്ടെത്തിയതുമായ കെട്ടിടങ്ങളിൽ കെ-സ്മാർട്ട് അസസ്സ്മെന്റ് രജിസ്റ്ററിലുൾപ്പെടുത്താൻ കഴിയുന്നില്ല. അത്തരം കെട്ടിടങ്ങളെ കെ-സ്മാർട്ട് അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താനും കൂടാതെ സഞ്ചയ, ഐ.എൽ.ജി.എം.എസ്. (Integrated Local Governance Management System) തുടങ്ങിയ സോഫ്റ്റ്വെയറുകളിൽനിന്നും

കെ-സ്മാർട്ടിലേയ്ക്ക് ഡാറ്റകൾ മാറ്റിയപ്പോൾ നിലനിൽക്കുന്ന സാങ്കേതിക പിഴവുകളും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ചിലയിടങ്ങളിലൊക്കെ നൂറ് ശതമാനം നികുതിയാക്കുക എന്നുള്ള തരത്തിൽ സ്ഥിരമായി നികുതി വരാത്ത ചില കെട്ടിടങ്ങൾ ഇല്ലെന്നുള്ള തരത്തിൽ ആ സമയത്ത് ചില പഞ്ചായത്തുകൾ അങ്ങനെ തീരുമാനമെടുക്കും. പിന്നീട് അതിന്റെ ഉടമ വന്ന് പരിശോധിക്കുമ്പോൾ ഡോക്യുമെന്റിൽ നോക്കിയാൽ അങ്ങനെയൊരു കെട്ടിടം ഭൂമിയിലില്ലായെന്ന് പറയുകയും എന്നാൽ കെട്ടിടങ്ങൾ അവിടെ ഉണ്ടാകുകയും ചെയ്യും. ഇത്തരത്തിൽ പരാതി വരുന്ന ഇടങ്ങളിൽ, പ്രത്യേകിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടെ നമ്പർ കൊടുക്കാവുന്ന ഒരു സിസ്റ്റം ഇപ്പോൾ നിലവിലുണ്ട്. അത് ഇനി നേരിട്ടുതന്നെ സെക്രട്ടറിക്ക് കൊടുക്കാവുന്ന തരത്തിൽ ഐ.കെ.എം.-ലൂടെ അതിനെ ലളിതവൽക്കരിക്കാനുള്ള ശ്രമം നടന്നുവരുന്നുണ്ട്. അങ്ങനെ വരുമ്പോൾ അത്തരത്തിൽ വരുന്ന പരാതികൾ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. കല്ലട മാഹിൻ: സർ, ഡീലിമിറ്റേഷന്റെ ഭാഗമായി വാർഡ് അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ കെ-സ്മാർട്ട് വഴി ക്രമീകരിച്ച് കൊണ്ടിരിക്കുകയാണ്. ഇത് സെക്രട്ടറിമാർ പബ്ലിഷ് ചെയ്തുകഴിഞ്ഞാൽ അതിനുശേഷം കെട്ടിടങ്ങളുടെ വിവരങ്ങൾ തെറ്റായി ക്രമീകരിച്ചതാണെന്ന് മനസ്സിലായാൽ കെട്ടിട വിവരങ്ങൾ തിരുത്തുന്നതിന് കെ-സ്മാർട്ടിൽ അവസരമില്ല. ഇവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, ഡീലിമിറ്റേഷന്റെ ഭാഗമായി കെട്ടിട നമ്പർ ക്രമീകരിക്കുമ്പോഴുണ്ടാകുന്ന തെറ്റുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം കെ-സ്മാർട്ടിൽതന്നെ ക്രമീകരിക്കുന്നതാണെന്ന കാര്യം ഞാൻ നേരത്തെതന്നെ പറഞ്ഞിരുന്നു. സംസ്ഥാന സർക്കാർ ജിയോ ടാഗിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അത് വരുന്നതോടുകൂടി ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയും.

ശ്രീ. സി. കെ. കാസിം: സർ, അധികാര വികേന്ദ്രീകരണത്തിനുശേഷം ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്ന ഓഫീസാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിശിഷ്യാ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും. അവിടെ

ഈ സാങ്കേതികപരമായ സംവിധാനം കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കെ-സ്മാർട്ട് കൊണ്ടുവന്നത്. എന്നാൽ ജനങ്ങൾക്ക് അത് വലിയ പ്രയാസമായി മാറിയിരിക്കുകയാണ്. കെ-സ്മാർട്ടിൽ വന്നിരിക്കുന്ന അപാകതകളും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ലോയും സൈറ്റുകളിൽ പലപ്പോഴും വലിയ കാലതാമസം ഉണ്ടാക്കുകയാണ്. അതിന് പരിഹാരമുണ്ടാക്കാൻ കഴിയുമോ; അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് ധാരാളം കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ച് പ്രവർത്തിച്ചുപോകുന്നുണ്ട്. അത്തരം കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുമ്പോൾ ഗവൺമെന്റിനോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ലഭ്യമാകുന്ന നികുതി നഷ്ടമാകുകയാണ്. അതുകൊണ്ട് അത്തരം കെട്ടിടങ്ങൾക്ക് നമ്പർ കൊടുത്തുകൊണ്ട് അത് അധികൃതപ്പെടുത്തുന്നതിനുള്ള ശ്രമമുണ്ടാകുമോ?

ശ്രീ. കെ. എം. ഷാജി: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള സോഫ്റ്റ്വെയറുകളെല്ലാം കൂടി ക്രമീകരിച്ചുകൊണ്ടാണ് കെ-സ്മാർട്ട് കൊണ്ടുവന്നത്. അത് വളരെ

ഉപകാരപ്രദമായ ഒന്നാണ്. എന്നാൽ അതിലെ ചില പരാതികൾ, 21 മോഡ്യൂളുകൾ എന്ന നിലയ്ക്കാണ് കെ-സ്മാർട്ട് ആരംഭിച്ചത്. പക്ഷേ, നിലവിൽ 10 മോഡ്യൂളുകൾ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. അത് വളരെ ഉപകാരപ്രദമായതാണ്. പക്ഷേ, ചില അപ്ഡേഷന്റെ പ്രശ്നംകൊണ്ട് ഇത്തരത്തിലുള്ള ചില പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാക്കി മോഡ്യൂളുകൾ പൂർത്തീകരിക്കുകയും അപ്ഡേഷൻ കൃത്യമായി നടക്കുകയും ചെയ്യുന്നതോടുകൂടി കെ-സ്മാർട്ടിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിയും. ഒപ്പം ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് നമ്പർ കൊടുക്കാനുള്ള ശ്രമവും ഇതിന്റെ ഭാഗമായി നടത്തുന്നതാണ്.

ശ്രീ. ഫൈസൽ ബാബു: സർ, കെ-സ്മാർട്ട് വഴി കെട്ടിട നമ്പർ കൈകാര്യം ചെയ്യുന്ന കാര്യം കാര്യത്തിലേക്കെത്തുമ്പോൾ ഒട്ടും സ്മാർട്ടല്ല എന്നതിന് എന്റെ നിയോജകമണ്ഡലത്തിൽതന്നെ ഉദാഹരണമുണ്ട്. പള്ളിക്കണ്ടി സ്കൂൾ കെട്ടിടം തീരദേശ വകുപ്പിന്റെ അനുമതിയില്ലാതെ ബഹുമാന്യനായ ശ്രീ. സജി ചെറിയാൻ അന്ന് മന്ത്രിയായ സമയത്ത് ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രി തറക്കല്ലിട്ടു. ശ്രീ. അഹമ്മദ് ദേവർകോവിൽ

മന്ത്രി കൂടെയുണ്ടായിരുന്നു. മൂന്ന് മന്ത്രിമാർ കൂടെയുള്ളൊരു കെട്ടിടം ഇപ്പോഴും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ പറ്റാതെ പൂട്ടിക്കിടക്കുന്നു എന്നുള്ളത് കെ-സ്മാർട്ട് എന്നൊക്കെ പറഞ്ഞ് നമ്മൾ സ്മാർട്ട് പറയുമ്പോൾതന്നെ സ്മാർട്ടല്ല എന്നതിന്റെ ഉദാഹരണമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രശ്നമാണിത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയശേഷം ഒക്യൂപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നു. അതിനുവേണ്ടി കെട്ടിട ഉടമ കെ-സ്മാർട്ടിൽ അപേക്ഷ സമർപ്പിക്കണം. ഒക്യൂപൻസി സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിന് കെ-സ്മാർട്ട് വഴി വീണ്ടും അപേക്ഷ നൽകേണ്ടി വരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഇത് ഒരു പ്രശ്നമായിട്ടുതന്നെ നിൽക്കുന്ന കാര്യമാണ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെ-സ്മാർട്ടിൽ ബിൽഡിങ് പെർമിഷൻ ഒരു മോഡ്യൂൾ വഴി കൊടുക്കും. അതിനുശേഷം രണ്ടാമതായി ഒക്യൂപൻസി സർട്ടിഫിക്കറ്റിന് വീണ്ടും അപേക്ഷ സമർപ്പിക്കണം. ഫോം 2 കൊടുക്കുകയും വേണം. ഇതിനെ എങ്ങനെ

ഇന്റഗ്രേറ്റ് ചെയ്യണമെന്നതിനെക്കുറിച്ച് കെ-സ്മാർട്ട് ആലോചിക്കുകയും അതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നുണ്ട്. അത് നിലവിൽ വരുന്നതോടുകൂടി ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്ത് 1984-ലാണ് ബിൽഡിങ് റൂൾസ് നിലവിൽ വന്നത്. പിന്നീട് 2011-ൽ പഞ്ചായത്ത് ബില്ലും 1999-ൽ മുനിസിപ്പാലിറ്റി ബില്ലും നിലവിൽ വന്നിട്ടുണ്ട്. ആ കാലഘട്ടത്തിന് മുമ്പേ തുടങ്ങിയതും പിന്നീട് വന്നതുമായ സുരക്ഷാക്രമീകരണങ്ങളുമായി ബന്ധപ്പെട്ടും ഫയർ സേഫ്റ്റിയുമായുമൊക്കെ ബന്ധപ്പെട്ടും വ്യത്യസ്തമായ കാരണങ്ങളാൽ വിവിധ സ്ഥാപനങ്ങളുടെയും വീടുകളുടെയും നമ്പർ ലഭ്യമാകാതെ കിടക്കുന്നുണ്ട്. അത് സുരക്ഷാ വീഴ്ചയില്ലാതെ പരിഹാരം കണ്ടുകൊണ്ട്, അത് ക്രമവൽക്കരിച്ച് ഒരു അദാലത്ത് നടത്താൻ സാധിച്ചാൽ പഞ്ചായത്ത് വകുപ്പിന് ഒരുപാട് ഗുണമാകും. നമ്പർ ലഭിക്കാത്ത ഒട്ടേറെ സ്ഥാപനങ്ങൾക്ക് നമ്പർ ലഭ്യമാകുകയും ചെയ്യും. ഡീലിമിറ്റേഷന്റെ ഭാഗമായി പഞ്ചായത്തുകളിൽ അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ കെട്ടിടങ്ങളുടെ നമ്പറിൽ മാറ്റം

വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ജനങ്ങൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. കെ. എം. ഷാജി: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. കാരണം, നമ്മുടെ നാട്ടിൽ വാർഡുകളുടെ അതിർത്തിയിലുണ്ടാകുന്ന വ്യത്യാസം കെട്ടിട നമ്പറുകളെയും ബാധിക്കും. ഈ വർഷത്തെ കെട്ടിട നമ്പർ ആയിരിക്കില്ല അടുത്ത വർഷം ഉണ്ടാകുക. ഇത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. അതുകൊണ്ടുതന്നെ അതിർത്തികൾ മാറുന്ന സമയത്തായാലും അല്ലെങ്കിലും ഡീലിമിറ്റേഷൻ വരുമ്പോഴും അല്ലാത്തപ്പോഴും ഏത് സമയത്തായാലും വാർഡുകൾ മാറിയാൽ യുണീക് ആയിട്ടുള്ള നമ്പർ കെട്ടിടങ്ങൾക്ക് കൊടുക്കുകയും ആ വീട് വിറ്റുപോകുമ്പോൾ നമ്പർ ഉൾപ്പെടെ വിറ്റുപോകാവുന്ന തരത്തിലുള്ള ഒരു യുണീക് നമ്പർ കൊടുക്കാൻ ശ്രമിക്കുന്നതായിരിക്കും. ജിയോ ടാഗ് അടിസ്ഥാനമാക്കിയാണ് ഈ നമ്പറുകൾ കൊടുക്കാൻ ശ്രമിക്കുന്നത്. അങ്ങനെ കൊടുത്തുകഴിഞ്ഞാൽ ഉണ്ടാകുന്നൊരു ഗുണം, ഡിസാസ്റ്റർ ഉണ്ടാകുന്ന സമയത്ത് ഒരു ഫോഴ്സിന്

കെട്ടിടത്തിന്റെ യുണീക് നമ്പർ നൽകിയാൽ ജിയോ ടാഗ് വഴി ഡിസാസ്റ്റർ മാനേജ്മെന്റ് ടീമുകൾക്ക് വളരെ കൃത്യമായി അവിടെ എത്തിപ്പെടാൻ കഴിയുന്നു. ഒരു വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഏത് ഏരിയയിലാണെന്നും ഏത് നമ്പർ മുതൽ ഏത് നമ്പർ വരെയാണ് വെള്ളം കയറാൻ സാധ്യതയുള്ളതെന്നും പറയാൻ കഴിയുകയും ഒരൊറ്റ ബട്ടണോടുകൂടി കേരളത്തിലെ മുഴുവൻ വീടുകളുടെയും അതിൽ താമസിക്കുന്നവരുടെയും നമ്പർ ലഭിക്കാൻ കഴിയുന്ന തരത്തിൽ ജിയോ ടാഗ് അടിസ്ഥാനമായ ഒരു യൂണിക് നമ്പർ കൊടുക്കുന്ന കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി ആലോചിക്കുന്നുണ്ട്. അതിന്റെ നടപടിക്രമങ്ങൾ തീർച്ചയായും ആരംഭിക്കും.

<u>ശ്രീ. വി. ജോയി</u>: സർ, നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. അടക്കമുള്ള വിവിധ ഏജൻസികൾ, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, മറ്റ് കെട്ടിട സമുച്ചയങ്ങളെല്ലാം നിർമ്മിച്ചെങ്കിലും പലതിനും നമ്പർ നൽകാൻ സാധിക്കുന്നില്ല. സർക്കാർ സ്ഥാപനങ്ങൾ എന്നുള്ള നിലയിൽ അതിന് എന്തെങ്കിലും സ്പെഷ്യലായി

പരിഹാരം കാണാൻ സാധിക്കുമോ; നമ്മൾ ഇതെല്ലാം ഓൺലൈൻ സംവിധാനമാക്കിയ സാഹചര്യത്തിൽ സെർവറുകൾ എപ്പോഴും ഡൗണാകുന്ന സാഹചര്യമുണ്ടാകുമ്പോൾ ഒരാവശ്യത്തിനായി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ദിവസങ്ങളോളം താമസം വരുന്ന സാഹചര്യമാണ്. അതിനെക്കുറിച്ചുകൂടി അങ്ങ് പരിശോധിക്കുമോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, സ്കൂളുകളുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞതുപോലെ, കുട്ടികൾ പഠിക്കണമെന്നുള്ള സെന്റിമെന്റാണ് അവസാനനിമിഷം വരുന്നത്. വിശ്വാസ സ്ഥാപങ്ങളുമായും ബന്ധപ്പെട്ടും വരും. സത്യംപറഞ്ഞാൽ ഇതിലൊരു പ്രധാനപ്പെട്ട പ്രശ്നം, സ്കൂളായാലും വിശ്വാസസ്ഥാപനങ്ങളായാലും കെട്ടിടങ്ങളുണ്ടാക്കുമ്പോൾ നല്ലരീതിയിൽ നിർമ്മിക്കണമെന്നുള്ളത് വളരെയധികം ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. സ്കൂളുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയങ്ങൾ തീർച്ചയായും പരിശോധിക്കും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി രണ്ട് സിറ്റിങ് കഴിഞ്ഞു. പരിശോധിക്കാം. ജനപ്രതിനിധികളായ ആളുകൾ പറയേണ്ട കാര്യം, കെട്ടിടമുണ്ടാക്കുമ്പോൾ

മക്കളെ പഠിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമായാലും വിശ്വാസവുമായി ബന്ധപ്പെട്ട മതസ്ഥാപനങ്ങളായാലും അവർതന്നെ നിയമം ലംഘിക്കുന്ന തരത്തിൽ കെട്ടിടങ്ങളുണ്ടാക്കാതിരിക്കാനുള്ള അവയർനെസ് അവർക്കുണ്ടാകണമെന്ന സാമാന്യബോധം ഉണ്ടാകണമെന്നാണ് പറയാനുള്ളത്. അത് തീർച്ചയായും പരിഹരിക്കും. കെ-സ്മാർട്ടിന്റെ കാര്യത്തിൽ സോഫ്റ്റ്വെയർ അപ്ഡേഷൻ വരുന്നതോടുകൂടി ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും. താങ്കൾ ചൂണ്ടിക്കാണിച്ച നിലവിലെ പ്രശ്നങ്ങൾ തീർച്ചയായും പരിഹരിക്കും.

<u>ശ്രീ. പി. എം. എ. സമീർ</u>: സ്കൂളുമായി ബന്ധപ്പെട്ട ചോദ്യമാണ്. കാലപ്പഴക്കം ചെന്ന പല കെട്ടിടങ്ങളും സ്കൂളിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി ലഭ്യമായത് കഴിഞ്ഞ കുറെക്കാലമായി ജനങ്ങൾ അത്രയ്ക്കും സപ്പോർട്ട് ചെയ്താണ്. ഇന്ന് ഭൂമി ലഭ്യത കുറഞ്ഞ സമയത്ത് കാലപ്പഴക്കം ചെന്ന കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ ബിൽഡിങ് റൂൾ പ്രകാരം ഒരുപാട് പ്രയാസങ്ങളുണ്ടാകുന്നു.

ഇത്തരം സാഹചര്യത്തിൽ പ്രത്യേകിച്ച് അർബൻ മേഖലയിൽ യാതൊരും കാരണവശാലും പുതിയ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇത്തരം സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള norms change building rule-ൽ കൊണ്ടുവരാൻ സാധിക്കുമോ; ലേബർ സെസ്സുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളോ വീടോ നിർമ്മിക്കുമ്പോൾ ആ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടങ്ങളുടെയുംകൂടി വിസ്തീർണ്ണം കണക്കാക്കി ലേബർ സെസ് കണക്കാകുകയാണ്. ഈ ലേബർ സെസ് മുഴുവൻ അടച്ചാൽ മാത്രമെ ബിൽഡിങ് നമ്പർ ലഭിക്കുകയുള്ളുവെന്ന പ്രയാസമുണ്ട്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടാകുമോ?

<u>ശ്രീ. കെ. എം. ഷാജി</u>: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഞാൻ വിശദീകരിച്ചതാണ്. ഈ പറഞ്ഞ പ്രശ്നം നിലനിൽക്കുന്നുണ്ട്. വ്യവസ്ഥിതികൾക്ക് വിധേയമല്ലാത്ത വിധത്തിലുള്ളത് എങ്ങനെ എന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിക്കേണ്ട കാര്യമാണ്. കാരണം നിലവിലുള്ള പുതിയ കെട്ടിട നിർമ്മാണ നിയമമനുസരിച്ചാണ് കെട്ടിടം പൊളിച്ച് കെട്ടിടം നിർമ്മിക്കാൻ സാധിക്കുക.

ടെക്നിക്കാലിറ്റി മൂലം സഭയുടെ മുന്നിൽ ഉറപ്പ് നൽകാൻ ബുദ്ധിമുട്ടുണ്ട്. അത് പരിശോധിച്ച് ചെയ്യാവുന്നതാണ്. രണ്ടാമത്തെ കാര്യം, ലേബർ സെസ്സുമായി ബന്ധപ്പെട്ട പരാതികൾ വ്യാപകമായി വരുന്നുണ്ട്. അത് സർക്കാർ സ്വീകരിക്കേണ്ട തീരുമാനമായതിനാൽ ഒറ്റയടിക്ക് മറുപടി പറയുക എന്നത് പ്രയാസമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, കെ-സ്മാർട്ട് പൊതുവിൽ പഞ്ചായത്തിന്റെ സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ചില പ്രത്യേക ഘട്ടങ്ങളിൽ അവധി/മറ്റ് പലകാര്യങ്ങൾ മൂലം ഉദ്യോഗസ്ഥരുടെ അഭാവമുണ്ടാകുമ്പോൾ ലോഗിൻ ചെയ്യാൻ മറ്റ് ഉദ്യോഗസ്ഥർക്ക് അറിയാത്ത പ്രശ്നമുണ്ടാകുന്നുണ്ട്. അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് കൂടി പരിശീലനം നൽകി കാര്യക്ഷമമാക്കേണ്ടതുണ്ട്. അക്ഷയകേന്ദ്രങ്ങളിൽ വിവിധ സേവനങ്ങൾക്ക് വിവിധ ഫീസുകളാണ് ഈടാക്കുന്നത്. ഏകീകരിച്ച ഫീസ് അക്ഷയകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുകയും അതുതന്നെയാണോ നടപ്പാക്കുന്നതെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, താങ്കൾ പറഞ്ഞതുപോലെ കെ-സ്മാർട്ട് പദ്ധതി പഞ്ചായത്തുകളിൽ ഉപകാരമുള്ള കാലത്തിന് അനുസൃതമാണ്. സ്വഭാവികമായും അതിന്റെ അപ്ഡേഷൻ കൃത്യമായില്ലെങ്കിൽ ഏത് സോഫ്റ്റ്വെയറായാലും പ്രശ്നങ്ങളുണ്ടാകും. അത് കുറച്ച് ഇപ്പോഴും നിലനിൽക്കുന്നുണ്ട്, അത് പരിഹരിക്കും. പഞ്ചായത്തുകൾക്ക് ആവശ്യമായ പരിശീലനം നൽകാൻ സാധിച്ചിട്ടില്ലെന്ന പ്രശ്നം പരിശോധിക്കുന്നുണ്ട്. പഞ്ചായത്തിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. ഒ. മോഹനൻ: സർ, കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ മാറി വരുന്ന സമയത്ത് പുതിയ നിയമത്തിനകത്ത് പഴയ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി പരിഹരിക്കാനുള്ള തീരുമാനങ്ങളുണ്ടാകണം. സാധാരണ ഗതിയിൽ കെ-സ്മാർട്ട് വന്നു. കെ-സ്മാർട്ട് വരുന്നതിനുമുമ്പ് മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ Intelligent Building Plan Management System (ഐ.ബി.പി.എം.എസ്.) ആയിരുന്നു. കെ-സമാർട്ട്

വന്നതിനുശേഷം ഐ.ബി.പി.എം.എസ്.-ലെ ഡാറ്റാ കെ-സ്മാർട്ട്-ലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടില്ല. ആദ്യം പെർമിറ്റ് വാങ്ങി നിർമ്മാണം പൂർത്തിയായ കേസുകളിൽ കെ-സ്മാർട്ട് വന്നപ്പോൾ ഒക്യൂപൻസി നൽകുന്നതിനുള്ള ബുദ്ധിമുട്ട് പലയിടത്തുമുണ്ട്. അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. എം. ഷാജി: സർ, കെ-സ്മാർട്ടിൽ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് ബഹു. അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചോദിച്ചതിലും ഞാൻ വിട്ടുപോയതുമായ ഈ പറഞ്ഞ പ്രശ്നമുണ്ട്. നമ്മുടെ നാട്ടിൽ 3 നിലയ്ക്ക് പെർമിഷൻ ലഭിച്ച 4 നില കെട്ടിടങ്ങൾ ധാരാളമുണ്ട്. അവർ ഷീറ്റ് ഇട്ടതിനുശേഷം ജീം/ടൂട്ടോറിയൽ കോളേജ് എന്നിവ അവിടെ പ്രവർത്തിപ്പിക്കുന്നത് നമ്മൾ പോകുമ്പോൾ കാണാം. അവർ പണം വാങ്ങുന്നുണ്ടാകാം. പഞ്ചായത്ത് ഇത് illegal എന്ന് പറഞ്ഞിട്ട് അതിനെ തടയുകയും ചെയ്യും. ഇങ്ങനെ നിരവധി കെട്ടിടങ്ങളുണ്ട്. അതുപോലെ തന്നെ ചില വീടുകൾ വിട്ടുപോയത്, ഇതെല്ലാം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വരുമാനമാർഗമാണ്. ഇതെല്ലാംതന്നെ

റെഗുലറൈസ് ചെയ്യുന്നതിനെക്കുറിച്ചുള്ള ആലോചനകൾക്കുവേണ്ടി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സ്പെഷ്യൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സി.ടി.പി. (ചീഫ് ടൗൺ പ്ലാനർ) ഉള്ള ആ സമിതിയോട് ഒരു മാസത്തിനകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, സോഫ്റ്റ്വെയറിലെ സാങ്കേതിക പ്രശ്നങ്ങളും അതുവഴി പരിഹരിക്കപ്പെടും.

ശ്രീ. വി. മുരളീധരൻ: സർ, ചോദിക്കാൻ ഉദ്ദേശിച്ച കാര്യം മൂന്നോളം അംഗങ്ങൾ നിലവിൽ ചോദിച്ചതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ചോദ്യം ചോദിക്കുന്നില്ല.

Mr. Speaker: Thankyou very much.

ശ്രീ. സി. വി. ശാന്തകുമാർ: സർ, സംസ്ഥാനത്തെ സാധാരണക്കാർ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന വലിയ വിഷയമാണ് ഈ സഭയിൽ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. കെ-സ്മാർട്ട് ഒരു പരിധി വരെ ഏറ്റവും നല്ലതാണെങ്കിൽതന്നെയും സാധാരണ ജനങ്ങൾക്ക് അവബോധം

ലഭിക്കുന്നതിനുവേണ്ടി കെ-സ്മാർട്ടിനെക്കുറിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഒരു അദാലത്ത് സംഘടിപ്പിക്കണം. ക്ഷേത്രങ്ങൾ/ആരാധനാലയങ്ങൾ/പള്ളികൾ എന്നിവയെ ബിസിനസ് സ്ഥാപനങ്ങളായാണ് കണക്കാക്കുന്നത്. അതിന് ഒരു മാറ്റമുണ്ടാകണം. ഒരിക്കലും അങ്ങനെ വരാൻ പാടില്ല. പല പരാതികളും വന്നിട്ടുണ്ട്. പന്തളം പഞ്ചായത്ത് നഗരസഭയായി നിലവിൽ വന്നു. അന്ന് നടത്തിയ അസസ്മെന്റിൽ ഇപ്പോൾ കെ-സ്മാർട്ട് വന്നപ്പോൾ വലിയ നികുതിയാണ് വന്നിരിക്കുന്നത്. അതിന് കാലോചിതമായ പരിഷ്കാരം ആവശ്യമാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: ഞാൻ അത് പരിശോധിക്കാം. സ്കൂൾ ആയാലും ആരാധനാലയങ്ങൾ ആയാലും കെട്ടിട നിർമ്മാണത്തിന് ഒരു നിയമമാണുള്ളതെന്ന് ഞാൻ നേരത്തെ പറഞ്ഞു. പ്രത്യേകം കാണിച്ച് ആനുകൂല്യങ്ങൾ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. അത് പരിശോധിക്കാവുന്നതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, slightly out of ആണെന്ന് തോന്നുമെങ്കിലും നമ്മുടെ സംസ്ഥാനത്ത് കാലാനുസൃതമായ മാറ്റം വരുത്താൻ

സാധിച്ചില്ല. നിലവിലെ പഴയ കെട്ടിടമുള്ളത് അതേ സ്ക്വയർ ഫീറ്റ് നിലനിർത്തി പുതുക്കുന്നതിനുള്ള പെർമിറ്റ് പലയിടത്തും നൽകാറുണ്ട്. പക്ഷെ ഇന്ന് നമുക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യമില്ല. ആ കെട്ടിടങ്ങൾ 60 വർഷം മുമ്പ് പണിത കെട്ടിടങ്ങളാണ്. അത് norms പാലിക്കാത്തതുകൊണ്ട് വളരെ inconvenience-ആയി പല നഗരങ്ങളിലും പ്രത്യേകിച്ച് കോർപ്പറേഷനുകളിലും നിൽക്കുന്നുണ്ട്. അതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്കൂളുകൾക്ക് ഏർപ്പെടുത്തുന്നതുപോലെ കെട്ടിടങ്ങളുടെ പ്രായം പരിശോധിച്ച് ഇത്രകാലം കഴിയുമ്പോൾ ഈ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം ഇന്നത്തെ ബിൽഡിങ് റൂൾ അനുസരിച്ച് നിർമ്മിക്കണമെന്ന നിയമം കൊണ്ടുവരണം. ഓരോ ഘട്ടം കഴിയുംതോറും നഗരത്തിന്റെ മുഖച്ഛായ മാറിക്കൊണ്ടിരിക്കും. അതുപോലെ കെട്ടിടത്തിന് ബിൽഡിങ് കോഡ് ഒരു സ്ട്രീറ്റിൽ പരീക്ഷിക്കാവുന്നതാണ്. അവിടത്തെ ആ കെട്ടിടങ്ങൾക്ക് എല്ലാം ഒരു പാറ്റേൺ/കളർ കോഡ് മെയിന്റയിൻ ചെയ്യണമെന്നോ അങ്ങനെയുള്ള പുതിയ കാര്യങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. എം. ഷാജി: സർ, കെട്ടിടങ്ങളുടെ കാര്യത്തിൽ സർക്കാർ കെട്ടിടങ്ങളാണെങ്കിൽ അത് അൺഫിറ്റ് ആണെന്ന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചാൽ പൊളിക്കാവുന്നതാണ്. സ്വകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ തൊട്ടടുത്ത കെട്ടിടങ്ങളിലുള്ളവരോ അതിൽ താമസിക്കുന്നവരോ പരാതിയായി വന്നാൽ മാത്രമാണ് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അതിൽ ഇടപെടുക. കളർ പാറ്റേൺ വളരെ നല്ല ആശയമാണ്. അതുസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ധാരാളം കെട്ടിടങ്ങൾ വീടുകൾ ഉൾപ്പെടെ നിർമ്മിച്ചതിനുശേഷം നമ്പർ ലഭിക്കാത്ത സാഹചര്യമുണ്ട്. ചെറിയ വിഷയങ്ങളാണ് ഇതിന്റെ കാരണങ്ങൾ. ചെറിയ അളവിലുള്ള ഭൂമി, 3 സെന്റിലോ 4 സെന്റിലോ നിർവാഹമില്ലാത്തതുകൊണ്ട് വീടുകൾ നിർമ്മിച്ചു. നമ്പർ ലഭിക്കുന്നതിനുള്ള ചില വ്യവസ്ഥകളിൽ ഇളവ് വരുത്തി സാധൂകരിക്കാനുള്ള സാഹചര്യമുണ്ടാക്കിയില്ലെങ്കിൽ വലിയ ദേശീയ നഷ്ടവും ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടും അനുഭവപ്പെടും. ഇതിന്റെ പരിഹാരത്തിനുള്ള സംവിധാനം ഏർപ്പെടുത്തുമോ എന്നാണ് അറിയാനുള്ളത്?

ശ്രീ. കെ. എം. ഷാജി: സർ, നമ്പർ ലഭിച്ചില്ലെന്ന് പറയുന്നത്, നമ്പർ കൊടുക്കാത്ത പ്രശ്നം പോലെയാണ് ജനങ്ങൾക്ക് തോന്നുക. നമ്പർ ലഭിക്കുന്നതിന് നടപടിക്രമമുണ്ട്. ഒക്യൂപേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചതിനുശേഷം ഫോം 2-ൽ എത്രയാണ് സ്ക്വയർ ഫീറ്റ്, എന്തെല്ലാം നിർമ്മാണമാണ് നടന്നിരിക്കുന്നതെന്നും നൽകണം. ഉദാഹരണമായി, സെൻട്രലൈസ്ഡ് എ.സി.-യാണെങ്കിൽ 15 ശതമാനം ടാക്സ് വർധിക്കും, അല്ലെങ്കിൽ ആ പ്രശ്നം വരില്ല. എന്താണ് വീടിന്റെ സൗകര്യങ്ങൾ എന്ന് ഫോം 2-ൽ വിശദീകരിച്ചതിനുശേഷമാണ് ടാക്സ് അസസ്മെന്റ് നടക്കുക. ടാക്സ് അസസ്മെന്റ് നടന്നു കഴിഞ്ഞാലാണ് നമ്പർ നൽകുക. അതാണ് താമസമുണ്ടാകുന്നത്. 3 സെന്റിനകത്തുള്ള നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. പക്ഷെ എല്ലാം ആ ഗണത്തിൽ ഉൾപ്പെടില്ല. പരമാവധി അത് ചെയ്തുകൊടുക്കാനാണ് ആലോചിക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, ദൂരപരിധിയുടെ പ്രശ്നമാണ്. ഒരു വീട് മൂന്ന് സെന്റിലാണ്. കാലവർഷക്കെടുതിയിൽ അത് തകർന്നുപോയി. ആ

പാവം അത് പുനർനിർമ്മിക്കാൻ ശ്രമിക്കുമ്പോൾ തൊട്ടടുത്തയാൾ വിവരാവകാശം കൊടുത്തിട്ട് ഇയാളെ ഒന്നും ചെയ്യാൻ വിടുന്നില്ല. ദൂരപരിധിയുടെ നിയമം വളരെ ശരിയുമാണ്. ഇങ്ങനെ വരുന്ന ചില അപൂർവം പ്രായോഗിക പ്രശ്നങ്ങളുണ്ട്. അങ്ങ് ഇക്കാര്യം പരിശോധിച്ച് അത്തരക്കാർക്ക് ഈ നിയമത്തിൽ എന്തെങ്കിലും ഇളവ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. എം. ഷാജി:</u> സർ, രണ്ട് സെന്റ്, മൂന്ന് സെന്റ് ഭൂമിയിൽ കെട്ടിടങ്ങൾ ഉണ്ടാക്കുന്നവരുടെ നിർമ്മാണത്തിന് സൗകര്യമൊരുക്കൽ അത്യാവശ്യമാണ്. റോഡുകൾ മാർക്ക് ചെയ്യുന്നിടത്തുണ്ടാകുന്ന പ്രശ്നത്തെക്കുറിച്ചും ആലോചിക്കുന്നുണ്ട്. അങ്ങനെ വന്നിട്ടുണ്ടെങ്കിൽ, നിലവിലെ നമ്പറുള്ള വീടുകൾ പൊളിഞ്ഞുപോകുന്നുണ്ടെങ്കിൽ അവർക്ക് അത് വീണ്ടും അതേ സ്ക്വയർ ഫീറ്റിൽ കൊടുക്കാൻ പറ്റുമോ എന്നുള്ളതൊക്കെ ആലോചിക്കാവുന്ന കാര്യമാണ്. എനിക്ക് ഇവിടെ ഉറപ്പുനൽകാൻ കഴിയില്ല.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാരിറ്റി സ്ഥാപനങ്ങളും അതുപോലെ തന്നെ കോൺവെന്റുകളുമൊക്കെ വ്യവസായ സ്ലാബിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനൊരു മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, അതുസംബന്ധിച്ച് പരിശോധിക്കാം.

ആഗോള ഹെൽത്ത് ഡെസ്റ്റിനേഷൻ

2 (*152) ശ്രീ. സേനാപതി വേണു:
ശ്രീ. വി. ടി. സൂരജ്:
ശ്രീ. എം. എം. നസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയും മറ്റ് അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി സ്വദേശികളും വിദേശികളും ചികിത്സയ്ക്കായി എത്തുന്ന ഹെൽത്ത് ഡെസ്റ്റിനേഷനായി സംസ്ഥാനത്തെ മാറ്റാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

ബി) ഇതിനായി വെൽനസ് സെന്ററുകൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ, സ്ട്രോക്ക് ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ഹോളിസ്റ്റിക് ചികിത്സ നൽകുന്ന സംവിധാനങ്ങൾ എന്നിവ ആരംഭിക്കുമോ; വിശദമാക്കാമോ;

(സി) രോഗപ്രതിരോധത്തിനും രോഗനിർണ്ണയത്തിനുമായി സംസ്ഥാനത്ത് വിപുലമായ ക്യാംപെയ്ൻ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ,

(എ) കാലാവസ്ഥയും മറ്റ് അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി സ്വദേശികളും വിദേശികളും ചികിത്സയ്ക്കായി എത്തുന്ന ഹെൽത്ത് ഡെസ്റ്റിനേഷനായി സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

(ബി) ഇതിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നിർദേശം നൽകുന്നതാണ്.

(സി) രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും രോഗസാധ്യതയുള്ളവരെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി 21-08-2026-ലെ സ.ഉ.(സാധാ) നം.2810/2026/

ആ.കു.വ. പ്രകാരം ഹൃദയാരാഗം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, ക്യാൻസർ, കരൾരോഗം, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക, തുടർപരിചരണം ഉറപ്പാക്കുക, രോഗസങ്കീർണതകൾ ഒഴിവാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 18 വയസ്സിനു മുകളിലുള്ളവരെ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി, ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് നടത്തുന്ന സർവെയിലൂടെയും പ്രാഥമിക സ്ക്രീനിങ്ങിലൂടെയും രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നു. ഡിജിറ്റൽ സംവിധാനത്തിലൂടെ രോഗികളെ നിരീക്ഷിച്ച് തുടർച്ചയായ പരിചരണവും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണവും നൽകിവരുന്നു. ഗ്രാമീണ-ഗോത്ര മേഖലയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലും മലയോര മേഖലയിൽ ഇടുക്കി നിയോജകമണ്ഡലത്തിലും നഗരമേഖലയിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലും പരീക്ഷണാടിസ്ഥാനത്തിൽ

(പൈലറ്റ്) പദ്ധതി നടപ്പിലാക്കുന്നതിനും തുടർന്ന് സംസ്ഥാനവ്യാപകമായി വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വിശദീകരണം അനുബന്ധമായി ചേർക്കുന്നു+.

ശ്രീ. സേനാപതി വേണു: സർ, ഇന്ന് നമ്മുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ഒരു വലിയ പ്രതിസന്ധിയായി ജീവിതശൈലീ രോഗങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ " Prevention is better than cure". മുൻകരുതലുകൾ എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് നിലവിൽ എടുത്തിരിക്കുന്ന നടപടികൾ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. മുരളീധരൻ: സർ, ഹൃദയരാഗം പദ്ധതി പോലുള്ള പദ്ധതികൾ വ്യാപിപ്പിക്കുക, അതോടൊപ്പംതന്നെ മറ്റു വകുപ്പുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ആരോഗ്യ രംഗത്തുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. ഉദാഹരണത്തിന് ആയുഷ്, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ സഹകരണത്തോടുകൂടിയാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. അങ്ങേക്കും അറിയാവുന്നതാണ് ഇന്ന് ഭക്ഷണക്രമങ്ങളിലൊക്കെ കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആളുകൾക്ക് വിദേശ ഭക്ഷണങ്ങളോടുള്ള ആസക്തി വർധിച്ചുവരുന്ന ഒരു സാഹചര്യത്തിലാണ് പല രോഗങ്ങളും ഉണ്ടാകുന്നത്. ഇതൊക്കെ മനസിലാക്കിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഫുഡ് & സേഫ്റ്റി ഉൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റുകളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് സാധാരണ ആളുകളുടെ ആരോഗ്യം നിലനിർത്താനുള്ള പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കുന്നതാണ്.

<u>ശ്രീ. സേനാപതി വേണു:</u> സർ, ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിന്, പ്രത്യേകിച്ച് വിദ്യാർഥികൾ ആയിരിക്കുമ്പോൾതന്നെ സ്കൂളുകളിൽ ഇത് കരിക്കുലത്തിന്റെ ഭാഗമാക്കി മാറ്റാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് ആരോഗ്യ വകുപ്പിന് ഏതെങ്കിലും പദ്ധതികളുണ്ടോ; ക്ഷുഭിത യൗവനം ക്ഷീണിത യൗവനമായി മാറുന്നു. മുപ്പത് വയസ്സും നാൽപ്പതു വയസ്സുമുള്ള ആളുകൾ കുഴഞ്ഞുവീണു മരിക്കുന്ന വലിയൊരു ദുരന്തം നമ്മുടെ സമൂഹം കണ്ടുകൊണ്ടിരിക്കുകയാണ്. ഞാൻ ഹൈറേഞ്ചിൽ

താമസിക്കുന്ന ആളാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, ഞങ്ങളുടെ നാട്ടിൽ തണുത്ത കാലാവസ്ഥയിലുള്ള ആളുകൾക്ക് ചൂടുകാലാവസ്ഥയിലുള്ള ഭക്ഷണം ആരോഗ്യപരമായി ശരിയാകണമെന്നില്ല. ഓരോ പ്രദേശത്തെ അടിസ്ഥാനപ്പെടുത്തി ജീവിതശൈലീ രോഗങ്ങളെ കണ്ടെത്താനും ഭക്ഷണക്രമങ്ങളെ നിയന്ത്രിക്കാനുമായി സ്കൂൾ തലം മുതൽ ഒരു കരിക്കുലം പദ്ധതി ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്താൻ സാധിക്കില്ലേ?

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും ഇതുപോലുള്ള കാര്യങ്ങൾ ഗവൺമെന്റ് മുൻകൈയെടുത്ത് നടത്തുന്നതാണ്. അതുപോലെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഇതിൽ പങ്കെടുപ്പിക്കുന്നതാണ്.

ശ്രീ. വി. ടി. സൂരജ്: സർ, കേരളത്തിന്റെ സമ്പന്നമായ ആയുർവേദ പാരമ്പര്യവും ആധുനിക ചികിത്സാ സൗകര്യങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള ഗുണമേന്മയുള്ള ആരോഗ്യ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് സർക്കാർ സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, സർക്കാർ ഇക്കാര്യത്തിൽ കൂടുതൽ വിദേശികളെ ആകർഷിക്കാനും മറ്റുമുള്ള പരസ്യ സംവിധാനം ആയുർവേദത്തിൽ തന്നെയുണ്ട്. ആയുർവേദ ചികിത്സയിൽ ആകൃഷ്ടരായി ധാരാളം ആളുകൾ കേരളത്തിന് പുറത്തുനിന്നും ഇന്ത്യക്കുപുറത്തുനിന്നും വരുന്നുണ്ട്. കൂടുതൽ പബ്ലിസിറ്റി കൊടുത്ത് ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. നസീർ: സർ, കേരളം രാജഭരണ കാലഘട്ടത്തിൽ തന്നെ ആരോഗ്യമേഖലയിൽ ഏറ്റവും വലിയ മുന്നേറ്റം സൃഷ്ടിച്ച മാതൃകാ സംസ്ഥാനമാണ്. കേരളത്തിൽ നിന്ന് പോയിട്ടുള്ള ആരോഗ്യപ്രവർത്തകർ (ഡോക്ടർമാർ, നഴ്സുമാർ) ലോകത്തുതന്നെ അവരുടെ സർവീസ് ബ്രാന്റഡായി വന്നിട്ടുള്ള മെസേജുകൾ രാജ്യത്തുണ്ട്. അതുപോലെതന്നെ ഡോക്ടർമാരുടെ സേവനം അടക്കം കേരളത്തിലെ ആയുർവേദം വളരെയേറെ ബ്രാന്റഡായി നിൽക്കുന്നുണ്ട്. എന്റെ ചോദ്യം, ചികിത്സയ്ക്കായി കേരളത്തിലേക്ക് അല്ലെങ്കിൽ ഇന്ത്യയിലേക്ക് വരുന്ന വിദേശികൾക്ക് അല്ലെങ്കിൽ വിദേശ ഇന്ത്യക്കാർക്ക് വിമാനക്കമ്പനികൾ ഇന്ന് നിലവിൽ ഈടാക്കുന്ന

അമിതമായ ചാർജ് കുറയ്ക്കാൻ, വിസയുടെ കാലതാമസം അതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ, രോഗികളായിട്ടുള്ള ആളുകൾക്കെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. മുരളീധരൻ: സർ, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് കൂടുതലായി ശ്രദ്ധ പതിപ്പിക്കേണ്ടത്. വിമാനക്കമ്പനികൾ തോന്നിയതുപോലെയാണ് ടിക്കറ്റ് നിരക്ക് വർധിപ്പിക്കുന്നത്. ഞാൻ പാർലമെന്റ് അംഗമായിരുന്ന കാലത്തുള്ള സംഭവങ്ങളാണിത്. വിമാനക്കമ്പനികൾ ഇതുവരെ വിലകുറക്കാൻ തയ്യാറായിട്ടില്ല. കേരളത്തിലേക്കെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ സർക്കാർ ഉറപ്പാക്കുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, നമ്മുടെ സംസ്ഥാനത്തും ലോകത്തും വ്യാപകമായി അർബുദം പടരുകയാണ്. ഇതിനുവേണ്ട സൗകര്യങ്ങൾ സർക്കാർ തലത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ മാത്രമേയുള്ളൂ. താലൂക്ക് ആശുപത്രികളിൽ അത്തരമൊരു സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, കാൻസർ പ്രതിരോധത്തിനുവേണ്ടി ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ശ്വസിക്കുന്ന വായു, കഴിക്കുന്ന ഭക്ഷണം എന്നിവ കാൻസർ രോഗത്തിന് മുഖ്യ കാരണങ്ങളാണ്. ഇക്കാര്യങ്ങളൊക്കെ പരിശോധിച്ച് അതത് വകുപ്പുകളുമായി ആലോചിച്ച് സർക്കാർ ശക്തമായ നടപടി സ്വീകരിക്കും. എല്ലാശ്രുപത്രികളിലും ഇതുസംബന്ധിച്ച സംവിധാനങ്ങൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 300 കോഴിമുട്ട പുഴുങ്ങി തിന്നുകയും മൂന്ന് കിലോ ചെമ്പരത്തി മൊട്ട് ചെവിയിൽ വയ്ക്കുകയും നെല്ലിക്കയ്ക്ക പകരം നാരങ്ങാ നീരുകൊണ്ട് തളം വയ്ക്കുകയും ചെയ്താൽ സൗന്ദര്യം വർധിക്കുമെന്ന് മുൻ ഔഷധി ചെയർമാൻ കണ്ടുപിടിച്ചതായി വാർത്ത കണ്ടു. അതിന് എന്തെങ്കിലും പേറ്റന്റ് കിട്ടിയിട്ടുണ്ടോ; മുൻചെയർമാന്റെ കണ്ടുപിടിത്തം ഔദ്യോഗികമായി ഔഷധി അംഗീകരിച്ചിട്ടുണ്ടോ; അംഗീകരിച്ചിട്ടില്ലെങ്കിൽ മുൻ ഔഷധി ചെയർമാന്റെ ചികിത്സാ ചെലവ് ഔഷധി തിരിച്ചു പിടിക്കുമോ?

ശ്രീ. കെ. മുരളീധരൻ: സർ, സാധാരണക്കാർക്ക് മികച്ച ആയുർവേദ ചികിത്സ ലഭ്യമാക്കാൻ വേണ്ടി ആരംഭിച്ച സ്ഥാപനമാണ് ഔഷധി. പല റിസർച്ചുകളും അതിൽ നടത്തുന്നുണ്ട്. സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും നല്ല രീതിയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നൊരു സ്ഥാപനമാണ് ഔഷധി. അതിന് ഒരിക്കലും സൗന്ദര്യ ചികിത്സക്കല്ല പ്രാധാന്യം, ജനത്തിന്റെ ആരോഗ്യത്തിന്റെ കാര്യത്തിലാണ്. ഔഷധിയിലെ അലിഗേഷനെക്കുറിച്ച് അന്വേഷിക്കാൻ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രീതിയിൽ ചികിത്സ നടന്നതായി രേഖയുണ്ട്. അത് എനിക്ക് സബ്മിറ്റ് ചെയ്തിട്ടുണ്ട്. അത് എന്റെ മേശപ്പുറത്തുണ്ട്. ഇതുവരെ അതിനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഹെൽത്തിന്റെ ആഗോള ഡെസ്റ്റിനേഷനാക്കാൻ ഉചതിമായ സ്ഥലമാണ് കേരളം. നമ്മുടെ ആരോഗ്യ രംഗത്തെ സംബന്ധിച്ച് നമുക്ക് നല്ല അംഗീകാരവും പേരുമുണ്ട്. ധാരാളം

രോഗികൾ വരുമ്പോൾ അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനെപ്പറ്റി അങ്ങ് പറഞ്ഞു. കേരളത്തിലെ രോഗികൾക്ക് ചികിത്സയ്ക്കായി വലിയ ചെലവ് വരുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഇത്തരം ചർച്ചകൾ വന്നിരുന്നു. പല ആശുപത്രികളും വൻകിട ആഗോള കോർപ്പറേറ്റ് ഭീമൻമാർ ഷെയർ വാങ്ങി.

<u>മി. സ്പീക്കർ:</u> ചോദ്യത്തിന്റെ ലിമിറ്റിൽ നിന്ന് ചോദിച്ചാൽ വേഗത്തിൽ തീർക്കാം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, വൻകിട കോർപ്പറേറ്റുകൾ ആഗോള ഹബ്ബാക്കുമ്പോൾ പല ചികിത്സയ്ക്കും ഇത്തരം ആശുപത്രികളിൽ നിലവിലുള്ള റേറ്റുകൾ ഇരട്ടിയിലധികമായി മാറുന്നു. പൊതുവിൽ സ്റ്റാൻഡേർഡിനകത്ത് വലിയ മാറ്റമുണ്ടാകുന്നു. ഉദാഹരണത്തിന് 160 രൂപക്ക് എടുക്കുന്ന ഇ.സി.ജി. അഞ്ഞൂറും അറുന്നൂറും രൂപയാണ്. അത് ഏറ്റവും ചെറിയ പരിശോധനയാണ്. 28 ലക്ഷവും 50 ലക്ഷവുമൊക്കെ ആശുപത്രിയിൽ ബില്ല് വരികയും രോഗികൾക്ക് പുറത്തിറങ്ങാൻ പറ്റാത്ത അനുഭവം അങ്ങും ഞാനും അടക്കമുള്ള ജനപ്രതിനിധികൾ പലപ്പോഴും

കാണാറുണ്ട്. ഇതിനൊരു സ്റ്റാൻഡേർഡ് പ്രോട്ടോക്കോൾ ഉണ്ടാക്കുമോ; അതിഭീമമായി ആശുപത്രി ചെലവ് വർധിക്കുന്നതിനെതിരായിട്ടുള്ള നിയന്ത്രണം കൊണ്ടുവരുന്നതിനായി സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും?

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് ഞാൻ തത്വത്തിൽ യോജിക്കുകയാണ്. കാരണം, പല സ്വകാര്യ ആശുപത്രികളും ഇന്ന് നമുക്ക് അറിയാവുന്ന മാനേജ്മെന്റിന്റെ നിയന്ത്രണത്തിലല്ല. ഇതൊക്കെ വിദേശ കമ്പനികളുടെ നിയന്ത്രണത്തിലാണ്. അവർ വില നിയന്ത്രണമില്ലാതെ കൂട്ടുന്നുണ്ട്. മരുന്നിന് വില കൂട്ടുന്നു, ആശുപത്രിയിലെ റൂമിന് വില കൂട്ടുന്നു. ഇങ്ങനെയൊരു നിലപാട് ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുകൊണ്ട് മറ്റൊരു ദോഷം കൂടിയുണ്ട്. പല ഇൻഷ്വറൻസ് കമ്പനികളും ഇൻഷ്വറൻസ് കൊടുക്കാൻ തയ്യാറാകാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ, ഇതിനെ നിയന്ത്രിക്കാനുള്ള ബില്ലിന്റെ പണിപ്പുരയിലാണ്. കഴിയുന്നതും അടുത്ത സെക്ഷനിൽ ആ ബിൽ

തീർച്ചയായും നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഈ പറഞ്ഞ വിഷയത്തോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സ്വദേശത്തുനിന്നും വിദേശത്തുനിന്നും ചികിത്സയ്ക്കായി എത്തുന്നവരുടെ ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ പറയുകയുണ്ടായി. ആയുർവേദ ചികിത്സകൾക്കുവേണ്ടിയാണ് കേരളത്തിനുപുറത്തുനിന്നും ആളുകൾ കൂടുതലായി എത്തുന്നത്. ആയുർവേദ സ്പാ സെന്ററുകളെയാണ് മുഖ്യമായും ഇത്തരക്കാർ ആശ്രയിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയുടെ നിർദേശപ്രകാരം കേരളത്തിലെ സ്പാ സെന്ററുകളെ കേന്ദ്രീകരിച്ച് 'ഓപ്പറേഷൻ സ്പാ' എന്ന പേരിൽ ഒരു മിഷൻ നടക്കുകയുണ്ടായി. അതിലൂടെ നൂറുകണക്കിന് ക്രമക്കേടുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളുമാണ് പല സ്പാ സെന്ററുകളിലും കണ്ടെത്തിയത്. ഒരു സ്പാ സെന്ററിൽ ഒരു ആയുർവേദ ഡോക്ടറുടെയും അംഗീകൃത തെറാപ്പിസ്റ്റിന്റെയും സാന്നിധ്യമുണ്ടാകേണ്ടത് ആവശ്യമാണ്. എന്നാൽ ഇത്തരം സ്പാ സെന്ററുകളിൽ ഒരിടത്തും അംഗീകൃത ഡോക്ടറുടെയോ തെറാപ്പിസ്റ്റിന്റെയോ

സേവനം ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല, ഇവയിൽ പലതും നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. ഇത്തരം സ്പാ സെന്ററുകളിൽ ആരോഗ്യ വകുപ്പിന്റെ പരിശോധനകളും മറ്റും കാര്യക്ഷമമായി നടക്കാത്തതിന് പ്രധാനപ്പെട്ട കാരണം സ്പാ സെന്ററുകളുടെ ലൈസൻസിങ്ങിന് ആരോഗ്യ വകുപ്പിന് പങ്കില്ല എന്നതാണ്. ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സ്പാ സെന്ററുകളെ അതിൽനിന്നും ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നാൽ സ്പാ സെന്ററുകളുടെ നിയവിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിനും അവിടെ ആയുർവേദ ഡോക്ടർമാരുടെയും തെറാപ്പിസ്റ്റുകളുടെയും സാന്നിധ്യം കൃത്യമായി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ നിലവിലുണ്ട്, ലൈസൻസില്ലാതെ ഒരു സ്പാ സെന്ററുപോലും പ്രവർത്തിക്കരുതെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ചിലർ നിയമത്തിന്റെ കണ്ണുവെട്ടിച്ച് ഇതുപോലെയുള്ള കച്ചവടങ്ങൾ നടത്തുന്നുണ്ട്. നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ

പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമെ എല്ലാ സ്പാ സെന്ററുകളിലും കർശന പരിശോധന നടത്തുന്നതിന് ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്, ഹെൽത്ത് ഇൻസ്പെക്ടർമാർ സെന്ററുകളിലെത്തി പരിശോധന നടത്തുന്നതാണ്.

ശ്രീ. വി. മുരളീധരൻ: സർ, കേരളത്തെ ഒരു ആഗോള ഹെൽത്ത് ഡെസ്റ്റിനേഷനാക്കി മാറ്റുകയെന്നതാണ് ചോദ്യത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം. അതിൽ ആയുർവേദത്തിന്റെ പ്രാധാന്യം എല്ലാവരും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ ആയുർവേദം ഗ്ലോബൽ തലത്തിൽ അംഗീകരിക്കപ്പെട്ട ഒരു ബ്രാൻഡ് കൂടിയാണ്. ഇന്ത്യയെ ആഗോള മെഡിക്കൽ ടൂറിസം ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ 2026-27 സാമ്പത്തികവർഷത്തെ കേന്ദ്ര ബജറ്റിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഒന്നാമത്തേത്, 5 Regional Medical Hubs across the country, in partnerships with State Governments and private sectors എന്നതാണ്. രണ്ടാമത്തേത്, സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ പരിശീലനം ലഭിച്ച 10000 പ്രാദേശിക ടൂറിസ്റ്റ് ഗൈഡുകളെ പ്രസ്തുത

പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ്. അതിനായി ഇന്ത്യയിലെ തിരഞ്ഞെടുക്കപ്പെട്ട 20 ഐക്കോണിക്ക് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വച്ച് 12 ആഴ്ചത്തെ പരിശീലനം നൽകാനാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി രണ്ട് പദ്ധതികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാവശ്യമായ എന്തെങ്കിലും നിർദ്ദേശങ്ങൾ/നടപടികൾ കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിന് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കാമെന്ന് കേന്ദ്ര ആയുഷ് വകുപ്പുമന്ത്രി എം.പി.-മാർക്ക് കത്തയച്ചതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുന്നതിനായി പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടീം ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രകൃതി ദുരന്തങ്ങളും പ്രതിരോധവും

3(*153) ശ്രീ. എ. ഡി. തോമസ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി രമ്യ ഹരിദാസ്:

ശ്രീ. സന്ദീപ് വാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും ശാസ്ത്രീയമായി പ്രതിരോധിക്കാൻ പ്രഖ്യാപിക്കപ്പെട്ട കേരള പ്രളയ അതിജീവന ദൗത്യത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രളയ സാധ്യതയുള്ള പ്രദേശങ്ങൾ നേരത്തെ കണ്ടെത്തി കൃത്യമായ മുന്നറിയിപ്പ് നൽകാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തുണ്ടാകുന്ന വിവിധതരം പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയമായ മുന്നൊരുക്കങ്ങൾ നടത്തുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, (എ) സംസ്ഥാനത്തിന്റെ വികസന പദ്ധതികളിൽ ദുരന്ത ലഘൂകരണവും കാലാവസ്ഥാ പ്രതിരോധവും

മുഖ്യധാരയിലാക്കുന്നതിനായി 2026-27 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് 'കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാം' (KDRP). ദുരന്തമുണ്ടായ ശേഷമുള്ള പ്രതികരണ സമീപനത്തിൽനിന്ന് ദുരന്തസാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്ന 'റെസിലിയൻസ് ബേസ്ഡ് ഡെവലപ്മെന്റ്' (Resilience-based Development) സമീപനത്തിലേക്കുള്ള മാറ്റമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) ഉപഗ്രഹാധിഷ്ഠിത വിവരങ്ങൾ, ജി.ഐ.എസ്. (GIS), റിമോട്ട് സെൻസിങ്, റഡാർ, ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ, പ്രളയ മോഡലിങ് (Flood Modelling) തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾവഴി പ്രളയസാധ്യത നേരത്തെ വിലയിരുത്താനും 'കവചം' (KaWaCHaM) സംവിധാനം, സൈറണുകൾ തുടങ്ങിയവവഴി മുന്നറിയിപ്പുകൾ ജനങ്ങളിലെത്തിക്കാനും കഴിയുന്നു. ഭരണഘടനാപരമായി ദുരന്ത പ്രവചന ചുമതല കേന്ദ്ര ഏജൻസികൾക്കാണെങ്കിലും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രവും

(SEOC) തദ്ദേശസ്ഥാപനങ്ങളും ചേർന്ന് സമയബന്ധിതമായി മുന്നറിയിപ്പുകൾ നൽകിവരുന്നുണ്ട്.

(സി) സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങൾ നടത്തിവരുന്നുണ്ട്. ഐ.ഐ.ടി.-കൾ ഉൾപ്പെടെയുള്ള പ്രമുഖ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ച് മുന്നറിയിപ്പ് സംവിധാനങ്ങൾ നവീകരിക്കൽ, വെതർ സ്റ്റേഷനുകളും റഡാറുകളും സ്ഥാപിക്കൽ, ആശുപത്രി സുരക്ഷാ പദ്ധതി (ഭദ്രം), നദീതടങ്ങളിലെ പ്രളയ-വരൾച്ചാ ലഘൂകരണ പഠനങ്ങൾ, വോളന്റിയർമാർക്കുള്ള വിദഗ്ധ പരിശീലനം തുടങ്ങിയ വിപുലമായ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നുണ്ട്.

<u>ശ്രീ. എ. ഡി. തോമസ്</u>: സർ, കടലോരം, മലയോരം, ഇടനാട് എന്നിങ്ങനെ വ്യത്യസ്ത ഭൂപ്രകൃതിയുള്ള സംസ്ഥാനത്ത് ജില്ലാതലത്തിൽ മാത്രമായിരുന്ന ദുരന്ത പ്ലാൻ ഉണ്ടായിരുന്നത്. അറബിക്കടൽ സൈക്ലോണുകളുടെ കേന്ദ്രമായി മാറിയതും കടലാക്രമണവും തീരശോഷണവും രൂക്ഷമായതും വയനാട്, ഇടുക്കി, നിലമ്പൂർ, കൂട്ടനാട് ദുരന്തങ്ങൾ നൽകിയ പാഠങ്ങളുടെയും പശ്ചാത്തലത്തിൽ വില്ലേജുതലം

വരെയുള്ള SOP (Standard Operating Procedure) തയ്യാറാക്കി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ, ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവയ്ക്കായി എ.ഐ. സഹായത്തോടെ അത്യാധുനിക മുന്നറിയിപ്പ് സംവിധാനങ്ങൾ, സുരക്ഷിത ഷെൽട്ടർ ഹോമുകൾ, മാറ്റിപ്പാർപ്പിക്കൽ തുടങ്ങിയവ തയ്യാറാക്കുന്നതിനും കടലാക്രമണവും തീരശോഷണവും ഭവനവും തൊഴിലുപകരണങ്ങളും നഷ്ടപ്പെടുന്നതും ദുരന്തപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഞങ്ങൾ പ്രതിപക്ഷ നിരയിൽ ഇരിക്കുമ്പോൾത്തന്നെ 195 രാജ്യങ്ങളുടെ Intergovernment Panel on Climate Change (IPCC)-ന്റെ റിപ്പോർട്ട് കേരള നിയമസഭയിൽ കൊണ്ടുവന്നിരുന്നു. ആ റിപ്പോർട്ട് അനുസരിച്ച് കേരളം ഒരു അപകടമേഖലയാണ്. പണ്ട് Bay of Bengal-ൽ മാത്രമുണ്ടായിരുന്ന പ്രതിഭാസം ഇന്ന് അറബിക്കടലിലും ഉണ്ടാകുകയാണ്. ഇന്ന് കന്യാകുമാരി മുതൽ ഗുജറാത്ത് വരെയുള്ള തീരങ്ങൾ അപകടകരമായ മേഖലകളാണ്.

പൊതുവെ ശാന്തമായിരുന്ന അറബിക്കടൽ ഇപ്പോൾ ശാന്തമല്ല, ഏതുസമയത്തും സുനാമി, ചുഴലിക്കൊടുങ്കാറ്റ്, extreme heavy rain, cloud burst എന്നിവ ഉണ്ടാകാനുള്ള സാധ്യതകളുണ്ട്. അതുകൊണ്ട് കേരളത്തെ ഒരു അപകടമേഖലയായി പരിഗണിച്ചുവേണം കാര്യങ്ങൾ ചെയ്യേണ്ടത്. 'കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാം' എന്ന പദ്ധതിയിലൂടെ രാജ്യത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു കേരള ഡിസാസ്റ്റർ മാനേജ്മെന്റ് റെസിലിയൻസ് പ്രോജക്ട് ആവിഷ്കരിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടി ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം കാലാവസ്ഥാ പ്രവചനമാണ്. യഥാർഥത്തിൽ India Meteorological Department (IMD) റിപ്പോർട്ട് അനുസരിച്ച് കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യം ചെയ്യുന്നത്. എന്നാൽ ടി റിപ്പോർട്ട് ലഭിക്കുമ്പോഴും ലോകത്തെ മറ്റുള്ള സംവിധാനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് IMD-യുടെ പ്രവചനത്തെ കൃത്യമായി, സർജിക്കൽ പ്രിസിഷനോടുകൂടി വ്യാഖ്യാനിച്ച്, കൃത്യമായി മനസ്സിലാക്കി ഏറ്റവും

ഇഫക്ടീവായ വാണിങ് സിസ്റ്റമുണ്ടാക്കി മുൻകൂട്ടി അറിയിക്കുകയെന്നുള്ളതാണ്. അതിനെ Impact mitigation എന്ന് പറയും. അതായത്, ഒരു ദുരന്തം ഉണ്ടായാൽ അതിന്റെ ആഘാതം കുറയ്ക്കുന്നതിനുവേണ്ടി evacuation ഉൾപ്പെടെ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇതൊരു ചെയിൻ പ്രോസസ്സാണ്; climate prediction മുതൽ impact mitigation, rehabilitation വരെയുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ ആണ്. കടലിൽവച്ച് ഒരാളെ കാണാതായാൽ എന്ത് ചെയ്യണം; ഒരു landslide ഉണ്ടായാൽ എന്ത് ചെയ്യണം; സുനാമി മുന്നറിപ്പ് ലഭിച്ചാൽ എന്ത് ചെയ്യണം; ഒരു cloud burst ഉണ്ടാകുമെന്ന് അറിയിപ്പ് ലഭിച്ചാൽ എന്ത് ചെയ്യണം; ഇവയ്ക്ക് ഒരോന്നിനും ഓരോ പ്രൊസീഡ്യുവർ വേണം. കേരളത്തിൽ മുമ്പ് ഇത് ജില്ലാതലത്തിലായിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, It varies from district to district. ഓരോ ജില്ലയിലും ദുരന്തനിവാരണ സംവിധാനങ്ങൾ പ്രത്യേകം പ്രത്യേകമായി ഉണ്ടാക്കണം. ഒരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ വ്യത്യസ്തമാണ്. കടൽത്തീരത്തുണ്ടാകുന്ന പ്രശ്നങ്ങളും വെസ്റ്റേൺ

ഗാട്ട്സിലുണ്ടാകുന്ന പ്രശ്നങ്ങളും നദികളിൽ ജലനിരപ്പ് ഉയരുന്നത് കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും വ്യത്യസ്തമാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് ഡാം മാനേജ്മെന്റ്. ഇവയെല്ലാം കൈകാര്യം ചെയ്യുകൊണ്ടുള്ള സമഗ്രമായ ഒരു പദ്ധതിയാണിത്. ഐ.ഐ.ടി. റൂർക്കി, ഐ.ഐ.ടി. ചെന്നൈ എന്നിവയുൾപ്പെടെ ഈ മേഖലയിൽ ഇന്ത്യയിലെ ഏറ്റവും വിദഗ്ധരായ ഏജൻസികളെ Knowledge partner-മാരാക്കിക്കൊണ്ടുള്ള ഒരു പദ്ധതി ആവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

<u>ശ്രീ. എ. ഡി. തോമസ്</u>: സർ, ദുരന്ത സജ്ജതയുടെ ഭാഗമായി പൊതുജന ബോധവൽക്കരണം, സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കൽ, ആശ്രിത സമൂഹങ്ങളെയും പ്രാദേശിക ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ, ശുചിത്വ മിഷന്റെ ദുരന്ത മാലിന്യ സംസ്കരണ പ്രോട്ടോക്കോൾ, ദൃഷ്ടി എ.ഐ. മുന്നറിയിപ്പ്, നദി ആഡിറ്റ് എന്നിവയ്ക്കായി സർക്കാർ സ്വീകരിച്ച ദീർഘകാല ശാസ്ത്രീയ പദ്ധതികൾ എന്തൊക്കെയാണ്;

ഇതിനായി എത്ര രൂപ വകയിരുത്താൻ സാധിക്കും; അതിനുള്ള സമയപരിധി എന്നിവ വിശദമാക്കാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, പണം ഇതിനൊരു തടസ്സമാകില്ല. കാരണം മനുഷ്യന്റെ ജീവനും അവന്റെ സ്വത്തും സംരക്ഷിക്കാൻ വേണ്ടിയുള്ള ശ്രമമാണിത്. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയൊന്നും ഇതിനൊരു തടസ്സമാകില്ല. ഇതിനാവശ്യമായ മുഴുവൻ പണവും എല്ലാ സമയത്തും അനുവദിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, നൂറുദിന കർമ്മപരിപാടിയിൽ തന്നെ നിരവധി പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. വയനാട്ടിലെ സൈറൺ ശൃംഖല, അഞ്ച് അധിക മുന്നറിയിപ്പ് സൈറണുകൾക്കും ഫയർ വാളിനുമായി നാല് കോടി രൂപ അനുവദിച്ചു. അതിന്റെ സാമഗ്രികളുടെ വിതരണം പൂർത്തിയാക്കി. യുനെസ്കോയുടെ സുനാമി റെഡി സർട്ടിഫിക്കേഷനുവേണ്ടി കേരളത്തിലെ ഒൻപത് തീരദേശ പഞ്ചായത്തുകളെ ശിപാർശ ചെയ്തിട്ടുണ്ട്. കെ.എസ്.ഡി.എം.എ.-യും IIT Ropar-ഉം ചേർന്ന് സംസ്ഥാനത്ത് 51 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചു. ഇതിനുപുറമെ വയനാട് ജില്ലയിൽ എക്സ് ബാൻഡ് ഡോപ്ലർ

വെതർ റഡാർ സ്ഥാപിക്കുകയും വളർത്തുമൃഗ താൽക്കാലിക ദുരിതാശ്വാസ കേന്ദ്രത്തിന് തറക്കല്ലിടുകയും ചെയ്തു. 'യുവ ആപ്ദ മിത്ര' പദ്ധതിയിലൂടെ പതിനായിരം വാളന്റിയർമാർക്ക് രക്ഷാപ്രവർത്തന പരിശീലനം നൽകി. ബഹുമാനപ്പെട്ട അംഗത്തിന്റെ ജില്ലയായ ആലപ്പുഴയിൽ അഞ്ച് അധിക മുന്നറിയിപ്പ് സൈറണുകൾ സ്ഥാപിക്കുന്നതിന് 3.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ 3.93 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ ഐ.എം.ഡി.-യുമായി ചേർന്ന് ആധുനിക റഡാറുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തു. സമയക്കുറവുമൂലം എല്ലാ കാര്യങ്ങളും വിശദമായി പറയുന്നില്ല. ചാലിയാർ, മീനച്ചിലാർ, മലപ്പുറം, പത്തനംതിട്ട തുടങ്ങിയ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങളെ മുഴുവൻ ലൊക്കേറ്റ് ചെയ്ത് അവിടെ പ്രാഥമിക നടപടികൾ ആവിഷ്കരിക്കുന്നതിന് ആവശ്യമായ പണം അനുവദിച്ചുകഴിഞ്ഞു. സാങ്കേതിക നവീകരണത്തിനും കപ്പാസിറ്റി ബിൽഡിങ്ങിനും വേണ്ടിയുള്ള പണവും അനുവദിക്കുന്നുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഐക്യരാഷ്ട്രസഭയുടെ ഒഫിഷ്യൽ ബോഡിയായ ഐ.പി.സി.സി.-യും ഇന്ത്യാ ഗവൺമെന്റിനു കീഴിലുള്ള പ്രമുഖ ഗവേഷണ ഏജൻസിയായ NIO-യും അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും നടത്തിയ പഠന റിപ്പോർട്ടുകൾ പ്രകാരം കാലാവസ്ഥാ വ്യതിയാനവും ആഗോള സമുദ്രനിരപ്പിലെ വർധനവുംമൂലം കൊച്ചി അടക്കമുള്ള നഗരങ്ങളിലെ തീരപ്രദേശങ്ങൾ ഭാവിയിൽ കടലെടുക്കാനോ പൂർണ്ണമായി വെള്ളത്തിനടിയിലാകാനോ സാധ്യതയുണ്ടെന്നാണ് പറയപ്പെടുന്നത്. ശരാശരി സമുദ്രനിരപ്പിൽനിന്ന് പൂജ്യം മുതൽ അഞ്ച് മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കൊച്ചി നഗരത്തിലും തീരപ്രദേശങ്ങൾക്കും സമുദ്രനിരപ്പ് ഉയരുന്നത് വലിയ ഭീഷണിയായി തുടരുകയാണ്. അറബിക്കടലിൽ ഉണ്ടാകുന്ന താപവ്യതിയാനങ്ങൾമൂലമുള്ള തീവ്രമായ തിരമാലകളുടെ ആഘാതവും തീരശോഷണവും രൂക്ഷമായ കടലാക്രമണത്തിന് വഴിയൊരുക്കുന്നതോടൊപ്പം വേലിയേറ്റ സമയത്ത് കടൽവെള്ളം തള്ളിക്കയറുകയും അതുവഴി കുടിവെള്ള സ്രോതസ്സുകളിലും വീടുകളിലും കൃഷിയിടങ്ങളുമെല്ലാം വേനൽക്കാലത്തുപോലും ഓരുവെള്ളം

കയറുന്ന സാഹചര്യവും അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ; ഈ സാഹചര്യത്തിൽ കൊച്ചി നഗരത്തിന്റെ താഴ്ന്ന പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ ആവശ്യമായ ശാസ്ത്രീയ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, Climate change എന്ന ആശയം വന്നപ്പോൾതന്നെ നമ്മളെല്ലാം ചെറുപ്പത്തിൽ മനസ്സിലാക്കിയത് അതാണ്. കാരണം ഓസോൺ ലെയറിന് വിള്ളൽ വീണതോടെ അന്തരീക്ഷത്തിന്റെ താപനില ഉയരുകയും മഞ്ഞുമലകൾ ഉൾപ്പെടെ ഉരുകി കടലിലെ വെള്ളം വർധിക്കുകയും കടൽവെള്ളം കരയിലേക്ക് ഇരച്ചുകയറുന്ന സാഹചര്യമുണ്ടാകുന്നു. ആദ്യം പട്ടിണി കിടന്ന് മരിക്കും, കാർഷിക ഉൽപന്നങ്ങൾ മുഴുവൻ നശിക്കും. ഇന്ന് ലോകത്ത് പല സ്ഥലത്തും കടൽവെള്ളത്തിൽപ്പോലും വളരുന്ന ഉൽപന്നങ്ങളെക്കുറിച്ച് റിസർച്ച് നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലമാണ്. ഏറ്റവും വലിയ ഭീഷണിയെന്ന് പറയുന്നത് കടലിലെ വെള്ളം ഉയർന്ന് കരയിലേയ്ക്ക് വരുന്നു എന്നുള്ളതാണ്. അതിന്റെ സൂചനകളാണ് കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ

തീരപ്രദേശത്ത് എത്ര ഏക്കർ/ഹെക്ടർ സ്ഥലമാണ് കടലെടുത്തത്. അതുകൊണ്ടാണ് കടൽഭിത്തികൾ സംരക്ഷിച്ച് തീരപ്രദേശം കടലെടുത്തുപോകാതിരിക്കാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരപ്രദേശം സംരക്ഷിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ തീരപ്രദേശത്തിന് മാത്രമല്ല പ്രശ്നമുള്ളത്. ഇൻലാൻഡിലെ പുഴകൾ നിറഞ്ഞുകവിയുകയാണ്. ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് പറഞ്ഞതുപോലെ കൊച്ചി നഗരം submerge ചെയ്യും എന്നുള്ള പ്രവചനമാണ് ഐ.പി.സി.സി. റിപ്പോർട്ട് യു.എൻ.-ന്റെ മുൻപിൽ വച്ചിരിക്കുന്നത്. വെള്ളം ഉയർന്നുകൊണ്ടിരിക്കുന്നത് ഗൗരവതരമായ വിഷയമാണ്. ചില തീരപ്രദേശങ്ങളിലെ ഗ്രാമങ്ങളിൽ പോയാൽ കിലോമീറ്ററുകളോളം ഉള്ളിലേയ്ക്ക് വെള്ളം വരികയാണ്. പണ്ട് വൃശ്ചികപ്പൊക്കം മാത്രം ഉണ്ടായിരുന്ന കേരളത്തിൽ, വൃശ്ചികപ്പൊക്കം എന്നാൽ വൃശ്ചികമാസത്തിൽ മാത്രമാണ് വെള്ളപ്പൊക്കവും വേലിയേറ്റവും ഉണ്ടായിരുന്നത്. ഇപ്പോൾ

എല്ലാമാസവും വേനൽക്കാലത്തുപോലും വേലിയേറ്റമുണ്ടാകുന്ന സ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. അതിനൊരു റെസിലിയൻസ് പ്രോഗ്രാം, അതായത്, സർക്കാർ സഹായത്തോടുകൂടി റിവർ മാനേജ്മെന്റിൽ എക്സ്പെർട്ട്സായ ആളുകളെ വച്ചുകൊണ്ടുള്ള ഒരു പ്രോജക്ട് ചെയ്യുന്നുണ്ട്. അതിന്റെ പൈലറ്റ് പരീക്ഷണം കൊച്ചിയിൽ, എന്റെ നിയോജക മണ്ഡലത്തിലെ ഏഴിക്കര പഞ്ചായത്തിൽ ഒരു എക്സ്പിരിമെന്റൽ പ്രോജക്ട് നടത്തുന്നുണ്ട്. അക്കാര്യത്തിൽ സർക്കാരിന്റെ എല്ലാ സഹായവും ഉണ്ടാകും. അങ്ങ് സൂചിപ്പിച്ചതുപോലെ തീരപ്രദേശത്ത് വെള്ളം കയറുന്നതുകൊണ്ട് തീരപ്രദേശത്ത് ജീവിക്കുന്നവരുടെ ജീവിത സാഹചര്യങ്ങളിൽ ധാരാളം ബുദ്ധിമുട്ടും പ്രയാസങ്ങളും ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങൾ തീർച്ചയായും ഉണ്ടാകും.

ശ്രീമതി രമ്യ ഹരിദാസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽതന്നെ ചോദ്യത്തിനുള്ള ഏകദേശം മറുപടി ലഭ്യമായിട്ടുണ്ട്. അതോടൊപ്പം തന്നെ കൂട്ടിച്ചേർക്കാനുള്ളത്, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയിൽ നദികളിലും

പൊഴികളിലും പുഴകളിലുമൊക്കെ അടിഞ്ഞുകൂടുന്ന മണൽ മാറ്റുന്നതുമായി ബന്ധപ്പെട്ട് പറഞ്ഞിരുന്നു. ചിറയിൻകീഴിലെ മുതലപ്പൊഴി കായലും കടലുമൊക്കെ ചേരുന്ന ഒരു പ്രദേശമാണ്. ആ പ്രദേശങ്ങളിൽ കാലവർഷ സമയത്ത് വള്ളം മറിഞ്ഞുണ്ടായ ഒരു അപകടത്തിൽ ശാസ്ത്രീയപരമായ രീതിയിലുള്ള ഉപകരണങ്ങളും ലഭ്യമാകാതെ പോയതിന്റെ പ്രയാസമുണ്ടായത് നേരത്തെതന്നെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വരുംനാളുകളിൽ അത്തരം സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്യണം. തീരദേശമേഖല പോലുള്ള പ്രദേശങ്ങളിൽ പ്രാദേശികമായിട്ടുള്ള ഉപകരണങ്ങളും ശാസ്ത്രീയപരമായിട്ടുള്ള പരിശീലനവും നൽകുന്നതിനുവേണ്ടി സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഒന്ന്, പുഴകളിലും നദികളിലും അടിഞ്ഞിരിക്കുന്ന മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള വലിയൊരു പ്രോജക്ട് റവന്യൂ വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുയാണ്. ആ പ്രോജക്ട് തയ്യാറായാലുടൻ തന്നെ അടുത്ത ഒരു സീസണിനു മുൻപായി പ്രശ്നമുണ്ടാകാൻ

സാധ്യതയുള്ള പ്രദേശത്തെ മണ്ണും ചെളിയും നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കാരണം നദികളുടെ ക്യാരിയിങ് കപ്പാസിറ്റി കുറഞ്ഞു. ചെറിയ മഴ പെയ്താലുടൻ തീരപ്രദേശം മുഴുവൻ വെള്ളത്തിലാകുന്ന ഒരു സ്ഥിതിയാണ്. കാരണം മണ്ണ് മുഴുവൻ വന്ന് അടിഞ്ഞിരിക്കുകയാണ്. 2018-ലെയും 2019-ലെയും പ്രളയവും പിന്നീടുണ്ടായ പ്രശ്നങ്ങളും കാരണം നദികളിൽ മണ്ണും ചെളിയും അടിഞ്ഞിരിക്കുകയാണ്. ഇത് മാറ്റിയില്ലെങ്കിൽ ചെറിയ വെള്ളം പൊങ്ങിക്കഴിഞ്ഞാൽ തീരപ്രദേശം മുങ്ങിപോകുന്ന സ്ഥിതിയുണ്ടാവും. അതിനുള്ള പരിഹാര നടപടിയുണ്ടാകും. രണ്ടാമത്തെ കാര്യം, നാളിതുവരെയായി 10-75 ആളുകൾ മരണമടഞ്ഞ മുതലപ്പൊഴി പോലുള്ള പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്ത് അവിടെ പ്രത്യേകമായി ചെയ്യേണ്ട നടപടിക്രമങ്ങൾ സർക്കാർ പൂർത്തിയാക്കും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റീവ് പ്രൊസീഡ്യുവർ ഉണ്ടാകും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ വാളന്റിയർമാർക്ക് പ്രത്യേക പരിശീലനം കൊടുക്കും. ഒരു പ്രശ്നമുണ്ടായെന്ന് അറിയുന്ന ആദ്യ മിനിട്ട് മുതൽ എങ്ങനെ പ്രവർത്തിക്കണം; ആരൊക്കെ എന്തൊക്കെ

ചെയ്യണം എന്നതിന്റെ കൃത്യമായ SOP രൂപീകരിച്ച് നടപടികൾ സ്വീകരിക്കും. പാവപ്പെട്ട മനുഷ്യരെയും മത്സ്യത്തൊഴിലാളികളെയും പ്രകൃതിയുടെ വിധിക്ക് വിട്ടുകൊടുക്കാൻ വേണ്ടിയുള്ള തീരുമാനമല്ല സർക്കാരിന്റേത് മറിച്ച് അവരെ രക്ഷപ്പെടുത്താനും ആ ഭീഷണിയിൽനിന്ന് മോചിപ്പിക്കാനുമുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. സന്ദീപ് വാര്യർ: സർ, കഴിഞ്ഞ ഓഗസ്റ്റ് 1-ാം തീയതി തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ തയ്യേലിയിൽ ഭീകരമായിട്ടുള്ള ഉരുൾപൊട്ടൽ ഉണ്ടായി. അതിനെ തുടർന്ന് എന്റെ നിയോജകമണ്ഡലത്തിലെ നീലേശ്വരം മുനിസിപ്പാലിറ്റി, കയ്യൂർ ചീമേനി പഞ്ചായത്ത്, വെസ്റ്റ് എളേരി പഞ്ചായത്ത്, ഈസ്റ്റ് എളേരി പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിൽ ആയിരക്കണക്കിന് വീടുകളിൽ വെള്ളം കയറുന്ന സാഹചര്യവും വലിയതോതിൽ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രകൃതിദുരന്തവും ഉണ്ടായി. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വളരെ കൃത്യമായി അതിൽ ഇടപെടൽ നടത്തുകയും വെള്ളം കയറിയ വീടുകളിൽ മുഴുവൻ സമയബന്ധിതമായിത്തന്നെ പതിനായിരം രൂപ വീതം സർക്കാർ

സാമ്പത്തികസഹായം എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സർക്കാരിനെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതിനും ദുരന്തബാധിതർക്ക് പുനരധിവാസവും ഉപജീവനസഹായവും ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ദുരന്തമേഖല ഐഡന്റിഫൈ ചെയ്യാൻ സാധിക്കണം, പക്ഷെ എല്ലാം അങ്ങനെ ഐഡന്റിഫൈ ചെയ്യാൻ സാധിക്കില്ല. ഉദാഹരണത്തിന്, ഒരു അതിതീവ്ര മഴയുണ്ടാകുമെന്ന് അറിഞ്ഞാൽ റീഹാബിലിറ്റേഷന് എത്ര സമയം ലഭിക്കുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തോട് ചോദിച്ചു? ഉദാഹരണത്തിന് ഒരു പ്രത്യേക സ്പോട്ടിൽ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കാസർഗോഡ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്ഥലത്ത് ഒരു അതിതീവ്ര മഴ പെയ്യുമെന്ന്

വിചാരിക്കുക. അതിതീവ്ര മഴയെന്നുവച്ചാൽ, ഒരു പ്രത്യേക സ്പോട്ടിൽ കൂടുതൽ സെന്റീമീറ്റർ മഴ പെയ്യുന്നുവെന്നാണ്. അങ്ങനെയുള്ള അവസരങ്ങളിൽ റീഹാബിലിറ്റേഷനുള്ള ഒരു ഗ്യാപുണ്ടോ; ഗ്യാപില്ല. ഗ്യാപില്ലെന്നാണ് ഇപ്പോഴത്തെ ഐ.എം.ഡി. (India Meteorological Department)-യിൽ നിന്ന് ലഭിച്ചിരിക്കുന്ന വിവരം. കാരണം മഴയുണ്ടാകുമെന്ന വിവരം അറിയുമ്പോഴേയ്ക്കും, ആ വിവരം റെഡാറിൽ പ്രത്യക്ഷപ്പെടുമ്പോഴേയ്ക്കും ഇവാക്യുവേഷനോ റീഹാബിലിറ്റേഷനോ ആവശ്യമായ സമയം ലഭിക്കുന്നതിനുമുമ്പുതന്നെ അവിടെ മഴ പെയ്തിരിക്കും. മഴ/എക്സ്ട്രീം ഹെവി റെയിൻ പെയ്യുന്ന സ്ഥലം fragile-ലായിട്ടുള്ള സ്ഥലമാണെങ്കിലോ; ഇപ്പോൾ പശ്ചിമഘട്ടത്തിൽ മണ്ണ് ഭയങ്കര ലൂസായിട്ടുള്ള സ്ഥലങ്ങളുണ്ട്. മണ്ണ് ലൂസായ സ്ഥലങ്ങളിൽ, എക്സ്ട്രീം ഹെവി റെയിനുണ്ടായാൽ അവിടെ ലാൻഡ്സ്ലൈഡിനും ലാൻഡ്സ്ലിപ്പിനുമുള്ള സാധ്യതകളുണ്ട്. അതായത്, 10-25 കിലോമീറ്ററിനുള്ളിൽ മാത്രമേ ഇപ്പോൾ കാലാവസ്ഥ പ്രവചനം നടത്താൻ കഴിയുന്നുള്ളൂ. അതുകൊണ്ടാണ് സർജിക്കൽ പ്രിസിഷൻ എന്ന വാക്ക് ആദ്യം ഉപയോഗിച്ചത്. അപ്പോൾ കൂടുതൽ മഴമാപിനികൾ വച്ചു. എല്ലാ ഗ്രാമങ്ങളിലും മഴമാപിനികൾ വയ്ക്കണം. സ്കൂളുകളിലും

സർക്കാർ ഓഫീസുകളിലുമൊക്കെ മഴമാപിനികൾ വച്ച് മഴയുടെ തോത് അളന്നുകൊണ്ടേയിരിക്കണം. ഓരോ സ്ഥലത്തെയും മഴയുടെ അളവ് മുൻകൂട്ടി മനസ്സിലാക്കി, Climate prediction-നെ കൃത്യമായി വ്യാഖ്യാനിച്ചാൽ മാത്രമെ ഈ സ്ഥലം മനസ്സിലാവുകയുള്ളൂ. അല്ലാതെയുള്ള കുറച്ച് സ്ഥലങ്ങളുണ്ട്. എപ്പോൾ മഴ പെയ്താലും പ്രശ്നമുള്ള സ്ഥലങ്ങളുണ്ട്. അതെല്ലാം സർക്കാർ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അവിടെയുള്ള സ്ഥലങ്ങളിലെ ആളുകളെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണം. ഏറ്റവും കുഴപ്പം പിടിച്ച സ്ഥലത്ത് നിങ്ങൾ താമസിച്ചോ എന്ന് പറയാൻ സാധിക്കില്ല. അതിനുള്ള റീഹാബിലിറ്റേഷൻ നടപടികൾ സ്വീകരിക്കും, സ്ഥിരമായി ഇത്തരം പ്രശ്നങ്ങളുണ്ടാകുന്ന സ്ഥലത്ത് സർക്കാർ നടപടി സ്വീകരിക്കും. പക്ഷെ, പ്രവചിക്കാൻ സാധിക്കാത്ത തരത്തിലുള്ള ദുരന്തങ്ങളാണ് പല സ്ഥലത്തുമുണ്ടാകുന്നത്.

മി. സ്പീക്കർ: അവസാന ചോദ്യത്തിന് ഇനി 8 മിനിറ്റ് മാത്രമെ ബാക്കിയുള്ളൂ. ഈ ചോദ്യത്തിന് ഉപചോദ്യം കുറച്ച് കൂടുതലായതിനാൽ, ഒരു അംഗത്തിന് അവസരം നൽകിയാൽ വീണ്ടും കുറെയധികം അംഗങ്ങൾക്ക് അവസരം നൽകേണ്ടി വരും. അതിനാൽ അവസാന ചോദ്യത്തിലേക്ക്

കടക്കുന്നു.

സമഗ്ര ആരോഗ്യ മാതൃക

4(*154) ശ്രീ. വി. ടി. ബൽറാം:

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ:

ശ്രീ. മുഹമ്മദ് ഷിയാസ്:

ശ്രീ. ദീപക് ജോയ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ആരോഗ്യം, ദീർഘായുസ്സ് എന്നിവ ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ മാതൃക വികസിപ്പിക്കാൻ സർക്കാർ ഉന്നതതല കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ മുതിർന്ന പൗരന്മാർക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതിന്റെ തുടർച്ചയായി ആണോ പ്രസ്തുത കർമ്മസേന രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) രോഗങ്ങൾ തടയുന്നതിനും തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും മികച്ച ചികിത്സ ഉറപ്പാക്കി ആരോഗ്യകരമായ

വാർദ്ധക്യത്തിനുമായി രാജ്യത്ത് ആദ്യമായാണോ സമഗ്രപദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) രോഗം വന്നതിനുശേഷം ചികിത്സ തേടുന്ന രീതിക്ക് പകരമായി രോഗം വരാതിരിക്കാനുള്ള സംവിധാനമാണോ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, (എ) ഉണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം, ക്ഷേമം, ദീർഘായുസ്സ് എന്നിവ ഉറപ്പുവരുത്തുന്നതിനായി 07-10-2026-ലെ സ. ഉ. (സാധാ) നം. 3355/2026/ആ.കു.വ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി കേരള ഹോളിസ്റ്റിക് മോഡൽ ഫോർ ഹെൽത്ത് വെൽനസ്സ് & ലോങ്ജിവിറ്റി (Kerala Holistic Model for Health, Wellness and Longevity) കർമ്മസേന (Task Force) രൂപീകരിച്ചിട്ടുണ്ട്.

കർമ്മസേനയുടെ നിർദേശങ്ങൾ എന്താണെന്ന് അറിച്ചതിനുശേഷം പിന്നീട് അത് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉൾപ്പെടെയുള്ള സമിതി അക്കാര്യത്തിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(ബി) മുതിർന്ന പൗരന്മാർക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതിന്റെ തുടർച്ചയായിട്ടല്ല മൊത്തം ആരോഗ്യ വകുപ്പിന്റെ സമഗ്രമായിട്ടുള്ള വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം, ക്ഷേമം, രോഗപ്രതിരോധം, ഇതൊക്കെ പ്രാരംഭഘട്ടത്തിൽ കണ്ടുപിടിക്കാൻ സംസ്ഥാനത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. രോഗം കണ്ടെത്തൽ, കൃത്യമായ ചികിത്സ, പുനരധിവാസം, ആരോഗ്യകരമായ വാർദ്ധക്യം എന്നിവ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള രാജ്യത്തെ ആദ്യ പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ ആരോഗ്യരംഗത്തെ സമഗ്രമായ പരിഷ്കരണമാണ് ഉദ്ദേശിക്കുന്നത്. കർമ്മസേനയുടെ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമെ തുടർ നടപടികളെക്കുറിച്ച് തീരുമാനിക്കുകയുള്ളൂ.

(ഡി) രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും രോഗ സാധ്യതയുള്ളവരെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി 21-08-2026-ലെ സ. ഉ. (സാധാ) നം. 2810/2026/ആ.കു.വ പ്രകാരം ഹൃദയാരാഗ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, കാൻസർ, കരൾരോഗം, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക, തുടർപരിചരണം ഉറപ്പാക്കുക, രോഗസങ്കീർണതകൾ ഒഴിവാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 18 വയസ്സിനുമുകളിലുള്ളവരെ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി, ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് നടത്തുന്ന സർവെയിലൂടെയും പ്രാഥമിക സ്ക്രീനിങ്ങിലൂടെയും രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, കേരളത്തിൽ ആയുർദൈർഘ്യം കൂടുകയാണ്. ദീർഘായുസ്സുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ഉൾപ്പെടെ

അടുത്തനാളുകളിൽ വർധിച്ചുവരാനുള്ള സാധ്യത കൂടുതലാണ്. എന്നാൽ സർക്കാരിന്റെ ശ്രദ്ധ പതിയാത്തൊരു പ്രധാനപ്പെട്ട മേഖല സമൂഹത്തിന്റെ മാനസികാരോഗ്യമാണെന്ന് തോന്നുന്നു. നാഷണൽ മെന്റൽ ഹെൽത്ത് സർവെയുടെ റിപ്പോർട്ട് പ്രകാരം അഡൽറ്റ് പോപ്പുലേഷന്റെ 11.36 ശതമാനത്തോളം ആളുകൾ at a given time, ഏതെങ്കിലും തരത്തിലുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവരാണ്. അവരുടെ ലൈഫ്ടൈം മുഴുവനായി പരിശോധിച്ചാൽ ഏതാണ്ട് 14 ശതമാനത്തിലേറെ ആളുകൾ മാനസികാരോഗ്യ പ്രശ്നം നേരിടുന്നവരാണ്. പക്ഷെ, ഇത്തരക്കാരുടെ എണ്ണം പരിശോധിക്കുകയാണെങ്കിൽ അത് വളരെ വലുതാണ്. കാരണം, ഒരു പഞ്ചായത്തിൽ മൂപ്പത്തിയഞ്ച് നാൽപ്പതിനായിരം ആളുകളുണ്ടെങ്കിൽ അതിൽ 4000-5000 ആളുകൾ മാനസികാരോഗ്യ പ്രശ്നം നേരിടുന്നവരാണെന്നാണ് സർവെയിലൂടെ കണ്ടെത്തിയിരിക്കുന്നത്. സമൂഹത്തിന്റെ മാനസികാരോഗ്യ മേഖലയിൽ ഏത് നിലയിലുള്ള ഇടപെടൽ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; കാരണം, നിലവിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങൾ മൂന്നെണ്ണം 1870-കളിൽ

രാജഭരണകാലത്ത് സ്ഥാപിച്ചവയാണ്. അതിനുശേഷം അത്തരത്തിലുള്ള വലിയ ഇൻസ്റ്റിറ്റ്യൂഷനുകളൊന്നും ഉണ്ടായിട്ടില്ല. അതിനുകാരണം, കൺസെപ്റ്റിൽ ഉണ്ടായിട്ടുള്ള മാറ്റമാണ്. കമ്മ്യൂണിറ്റി ഇന്റഗ്രേറ്റഡ് കെയറും ഇൻസ്റ്റിറ്റ്യൂഷണൽ ഡീ-സെൻട്രലൈസേഷനും ഒക്കെയാണ് സർക്കാരിന്റെ ലക്ഷ്യമെന്നത് ശരിയാണ്. എന്നാൽപ്പോലും 10-15 ശതമാനത്തോളം ആളുകൾ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുമ്പോൾ, അതിൽ ഒരു ശതമാനം ആളുകൾക്കെങ്കിലും അക്യൂട്ടായിട്ടുള്ള പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യമുണ്ടാകുമ്പോൾ അവരെ അകോമഡേറ്റ് ചെയ്യാനുള്ള ഒരു സംവിധാനവും സർക്കാർ മേഖലയിലില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യത്തിൽ ഇടപെടാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഒരു തീരുമാനമുണ്ടാക്കാനും അതിനെക്കുറിച്ചുള്ള നിർദേശങ്ങൾ സ്വീകരിക്കാനുമാണ് ടാസ്ക്ഫോഴ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് ഒരുക്കിയിട്ടുള്ളത്. ആരോഗ്യരംഗത്ത് ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും എന്തൊക്കെയാണെന്ന് കണ്ടെത്തി അതിനുള്ള

പരിഹാരമാർഗങ്ങൾ നിർദേശിക്കാനാണ് ടി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങൾ അനുസരിച്ചും ആരോഗ്യവകുപ്പിന്റെ പ്രോട്ടോക്കോൾ അനുസരിച്ചുമാണ് തീരുമാനമെടുക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, പല സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ക്വാളിഫൈഡായിട്ടുള്ള പ്രൊഫഷണൽസ് ഇല്ലെന്നത് യഥാർഥ്യമാണ്. കാരണം, ഈ മേഖലയിൽ ഗവൺമെന്റ് നിയന്ത്രണമോ നിരന്തരമായി മോണിറ്റർ സർവൈലൻസ് സംവിധാനമോ ഇല്ലെന്നത് യഥാർഥ്യമാണ്. അതുതന്നെയാണ് നേരത്തെ സൂചിപ്പിച്ച കെയർ ഗിവേസിന്റെ കാര്യത്തിലുമുള്ളത്. ഇത്തരം കാര്യങ്ങളിൽ നല്ല മോഡ്യൂളും കൃത്യമായ പരിശീലന പരിപാടികളും അക്കാഡമിക് പ്രോഗ്രാമുകളും തയ്യാറാക്കി ക്വാളിഫൈഡ് പ്രൊഫഷണലുകളെ ഈ മേഖലയിൽ വാർത്തെടുക്കാൻവേണ്ടിയുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും സർക്കാർ ഇക്കാര്യത്തിൽ ടോപ്പ് പ്രയോറിറ്റി നൽകികൊണ്ടുള്ള തീരുമാനങ്ങളെടുക്കുന്നതാണ്.

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: സർ, വയോജനങ്ങൾക്കുവേണ്ടി ഒരു പുതിയ വകുപ്പുതന്നെ രൂപീകരിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. വയോജനങ്ങൾക്കുവേണ്ടി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സയും പരിചരണവും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. മുരളീധരൻ: സർ, പാലിയേറ്റീവ് സംവിധാനങ്ങൾ ശക്തമാക്കുകയെന്നതാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള നയം. പാലിയേറ്റീവ് കെയറിൽ പ്രവേശിക്കുന്ന സ്റ്റാഫ് ആരോഗ്യ സർവകാലാശാലയിൽ ആറ് മാസത്തെ പരിശീലനം നിർബന്ധമായും നേടണമെന്നൊരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അങ്ങനെയാകുമ്പോൾ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് ക്വാളിഫിക്കേഷൻ നിർബന്ധമാകും. എസ്.എസ്.എൽ.സി. പാസ്സാകുന്നതോടൊപ്പം ആരോഗ്യ സർവകലാശാലയുടെ പരിശീലനംകൂടി പൂർത്തിയാകുമ്പോൾ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ അവർക്ക് കൂടുതൽ പങ്കാളിത്തം വഹിക്കാൻ കഴിയും.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, വയോജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുമായി സർക്കാർ പ്രത്യേക ആരോഗ്യപരിപാലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, അതാണ് നേരത്തെ പറഞ്ഞത്, പതിനെട്ട് വയസ്സിന് മുകളിലുള്ള എല്ലാവർക്കും സൗജന്യ ജീവിതശൈലി രോഗ സ്ക്രീനിങ് ലഭ്യമാക്കുകയെന്നതാണ് ഹൃദയാരാഗം പദ്ധതിയുടെ മുഖ്യലക്ഷ്യം. ഇവരുടെ വീടുകളിലെത്തി രോഗനിർണ്ണയം നടത്തി മികച്ച ചികിത്സ വേണ്ടവർക്ക് അതിനുള്ള സംവിധാനം ഒരുക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഒരു പൈലറ്റ് പ്രോജക്ടായി നിലവിൽ മൂന്ന് ജില്ലകളിൽ ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ദീപക് ജോയ്: സർ, കുട്ടികളുടെയും യുവജനങ്ങളുടെയും വർധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളും ആരോഗ്യപ്രശ്നങ്ങളും

പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിനും സ്കൂൾതലം മുതൽ രോഗപ്രതിരോധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനുമായി ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെയും പുതിയതായി രൂപീകരിച്ച വയോജന വകുപ്പിന്റെയും കോ-ഓഡിനേഷനിലൂടെ ആരോഗ്യരംഗത്തെ പരിപാലനം ശക്തമാക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിൽ പാലിയേറ്റീവ് രംഗത്ത് ധാരാളം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ആ സന്നദ്ധ സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാരോ നൽകുന്നില്ല. അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ നൽകാൻ സർക്കാർ തയ്യാറാകണം. സ്വതന്ത്രമായി നടത്തുന്ന പല പാലിയേറ്റീവ് സൊസൈറ്റികളും ഇതൊരു

തട്ടിപ്പായി മാറുന്നുമുണ്ട്. പാലിയേറ്റീവ് സൊസൈറ്റികൾ ലൈസൻസോടുകൂടി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും ലൈസൻസോടുകൂടി മാത്രമെ പാലിയേറ്റീവ് സൊസൈറ്റികളെ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. പക്ഷെ, ഇവിടെ സൂചിപ്പിച്ചതുപോലെ ചുരുക്കം ചില ആളുകൾ ഇതുപോലുള്ള തട്ടിപ്പുകൾ നടത്തുന്നുണ്ട്. എന്നാൽ, മഹാഭ്രരിപക്ഷം സംഘടനകളും ഈ രംഗത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവർ ചില കോ-ഓഡിനേഷനുണ്ടാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച ചില നിർദ്ദേശങ്ങൾ തിരുവനന്തപുരത്ത് വച്ച് കഴിഞ്ഞ ദിവസം അവർ എനിക്ക് നൽകിയിരുന്നു. അത് പരിശോധിച്ച് തീർച്ചയായും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പഴകുളം മധു: സർ, സമഗ്ര ആരോഗ്യം കേരളത്തിന്റെ പൊതു ആവശ്യമാണ്. അങ്കണവാടിയിൽ പഠിക്കുന്ന സാധാരണ കുടുംബങ്ങളിലെ

കുട്ടികൾക്ക് ധാരാളം ആരോഗ്യ പ്രശ്നങ്ങളുണ്ട്. അവരാണ് നാളെ ഈ നാടിനെ നയിക്കേണ്ടത്. അതിനാൽ, അങ്കണവാടികൾക്ക് പ്രത്യേകിച്ച് ഒരു സമഗ്ര ആരോഗ്യ പദ്ധതി ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, നിലവിൽ അത്തരത്തിലുള്ള പല സംവിധാനങ്ങളുമുണ്ട്. അവയൊക്കെ ഒന്നുകൂടി കാര്യക്ഷമമാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)